

വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2017 ആഗസ്റ്റ്

Volume VIII Issue 07

Times of America Online Monthly News Journal.
web:mytimesofamerica.com



Tel: 267-991-2111
e-mail:timesofamerica@yahoo.com





# ചൈനയ്ക്കെതിരെ ഡൊണാൾഡ് ട്രംപ്



*വാഷിംഗ്ടൺ:* ചൈനയ്ക്കെതിരെ ടിറ്ററിൽ പ്രതിഷേധവുമായി ഡൊണാൾഡ് ട്രംപ്. ഉത്തര കൊറിയയുടെ മിസൈൽ പരീക്ഷണങ്ങൾ തടയാൻ ചൈന ഒന്നും ചെയ്യുന്നില്ലെന്നാണ് ആരോപണം. ചൈനയുടെ നിലപാടിൽ തനിക്ക് വളരെ നിരാശയുണ്ട്. ഞങ്ങളുടെ മുൻ നേതാക്കൾ അവരുമായി കോടിക്കണക്കിന് ഡോളറുകളുടെ വ്യാപാരം നടത്തിയിരുന്നു. എന്നിട്ടും ഈ വിഷയത്തിൽ സന്ധിസംഭാഷണത്തിനുപോലും തുനിയാതെ അവർ മാറിനിൽക്കുകയാണ്. ഇങ്ങനെ ഒന്നും ചെയ്യാതെ മാറിനിൽക്കാൻ ചൈനയെ അധികകാലം അനുവദിക്കില്ല. ചൈനയ്ക്ക് ഈ പ്രശ്നം എളുപ്പം പരിഹരിക്കാൻ കഴിയുമെന്നും ട്രംപ് ടിറ്ററിൽ കുറിച്ചു.

ഒരു മാസത്തിനിടെ ഉത്തര കൊറിയ രണ്ടാം ഭൂഖണ്ഡാന്തര മിസൈൽ പരീക്ഷണം നടത്തിയതിനു പിന്നാലെയായിരുന്നു ട്രംപിന്റെ പ്രതികരണം. നേരത്തെ ഉത്തരകൊറിയൻ വിഷയത്തിൽ ചൈനീസ് പ്രസിഡന്റ് ഷി ജിങ് പിങ് സ്വീകരിച്ച നിലപാടിനെ ട്രംപ് പ്രശംസിച്ചിരുന്നു. ഉത്തര കൊറിയയ്ക്ക് അനുകൂലമായ സമീപനമാണ് ചൈന സ്വീകരിക്കുന്നതെന്ന് വിദേശകാര്യ സെക്രട്ടറി റെക്സ് ടില്ലേഴ്സൺ കുറ്റപ്പെടുത്തിയിരുന്നു.

## ജോൺ കെല്ലി ചീഫ് ഓഫ് സ്റ്റാഫ്



*വാഷിംഗ്ടൺ:* ചീഫ് ഓഫ് സ്റ്റാഫായി ജോൺ കെല്ലിയെ പ്രസിഡന്റ് ട്രംപ് നിയമിച്ചു.

റൈൻസ് പ്രീബസിനെ തലസ്ഥാനത്തുനിന്നും നീക്കിയതിനെ തുടർന്നാണ് കെല്ലി നിയമിതനായത്.

മികച്ച നേതാവാണ് ജോൺ കെല്ലിയെന്നും തന്റെ ഭരണത്തിലെ യഥാർത്ഥ താരമാണ് അദ്ദേഹമെന്നും പ്രസിഡന്റ് പറഞ്ഞു.

തെരഞ്ഞെടുപ്പുദിവസങ്ങളിൽ ട്രംപിനെ പിന്തുണച്ച ആളായിരുന്നു കെല്ലി. യു.എസ് സൈന്യത്തിൽ ഉന്നത പദവി വഹിച്ച ഇദ്ദേഹം ഇറാഖിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

നിലവിലെ ചീഫ് ഓഫ് സ്റ്റാഫായിരുന്ന റൈൻസ് പ്രീബസും പുതിയ കമ്യൂണിക്കേഷൻ ഡയറക്ടറും തമ്മിൽ ഭിന്നത രൂക്ഷമായതായി മാധ്യമങ്ങളിൽ റിപ്പോർട്ടുകൾ വന്നിരുന്നു. വൈറ്റ് ഹൗസിന് അനിഷ്ടമുണ്ടാക്കുന്ന പ്രചരണമായിരുന്നുവെന്നും അതിനാലാണ് റൈൻസ് പ്രീബസിനെ പദവിയിൽ നിന്നും മാറ്റിയതെന്നുമാണ് വിലയിരുത്തൽ.

## യൂണിയൻ പൗരന്മാരുടെ ബ്രിട്ടനിലേക്കുള്ള സ്വതന്ത്ര സഞ്ചാരത്തിനു വിരാമം



*ലണ്ടൻ:* 2019ൽ ബ്രെക്സിറ്റ് നടപടികൾ പൂർത്തിയാകുന്നതോടെ യൂറോപ്യൻ യൂണിയൻ പൗരന്മാർക്ക് ബ്രിട്ടനിലേക്കുള്ള സ്വതന്ത്ര സഞ്ചാരം അവസാനിക്കും. ബ്രെക്സിറ്റ് നടപടിക്രമങ്ങളിൽ പാർലമെന്റ് അംഗങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസം തുടരുന്നതിനിടെ ബ്രിട്ടീഷ് പ്രധാനമന്ത്രി തെരേസ മേയുടെ വക്താവ് ആണ് ഇക്കാര്യം വ്യക്തമാക്കിയത്.

യൂറോപ്യൻ യൂണിയൻ വിട്ടാൽ ബ്രെക്സിറ്റാനന്തര കുടിയേറ്റ നയം ബ്രിട്ടൻ കടുപ്പിക്കുമെന്നതിന്റെ സൂചനയാണിത്. കഴിഞ്ഞ ആഴ്ച ആഭ്യന്തര സെക്രട്ടറി കുടിയേറ്റ നയത്തിൽ ഉദാരനയം കൈക്കൊള്ളുമെന്ന് സൂചിപ്പിച്ചിരുന്നുവെങ്കിലും ഇതിന് വിരുദ്ധമാണ് പുതിയ പ്രസ്താവന.

## ഫിലിപ്പ് രാജകുമാരൻ ഔദ്യോഗിക പദവിയിൽ നിന്നും വിരമിക്കുന്നു



*ലണ്ടൻ:* ബ്രിട്ടീഷ് രാജകുമാരൻ ഫിലിപ്പ് ഔദ്യോഗിക പദവിയിൽ നിന്നും വിരമിക്കുന്നു. ഇതോടനുബന്ധിച്ച് ബക്കിങ്ഹാം കൊട്ടാരത്തിന് പുറത്ത് അടുത്ത ദിവസം നടക്കുന്ന പരേഡിൽ അദ്ദേഹം സംബന്ധിക്കും. എഡിൻബറോയിലെ പ്രഭുവും എലിസബത്ത് രാജ്ഞിയുടെ ഭാർത്താവുമാണ് 96കാരനായ ഫിലിപ്പ്.

ആഗസ്റ്റിൽ വിരമിക്കുമെന്ന് ഈ വർഷാരംഭത്തിൽ പ്രഖ്യാപനം ഉണ്ടായിരുന്നു. ബ്രിട്ടീഷ് റോയൽ മറൈനിന്റെ ക്യാപ്റ്റൻ ജനറൽ കൂടിയായ ഫിലിപ്പ് രാജകുമാരൻ ബ്രിട്ടനിലെ ഏറ്റവും സജീവമായ രാജകുടുംബാംഗമെന്നാണ് അറിയപ്പെടുന്നത്. എലിസബത്ത് രാജ്ഞിയുടെയും ഫിലിപ്പിന്റെയും എഴുപതാമത് വിവാഹ വാർഷികം ഈ വർഷം നവംബറിൽ സമുചിതമായി ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.




# ടോണി ബ്ലയറിനെതിരെയുള്ള വിചാരണ തള്ളി



*ലണ്ടൻ:* ഇറാക്ക് യുദ്ധത്തിൽ മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണി ബ്ലെയറെ വിചാരണ ചെയ്യണമെന്നാവശ്യപ്പെട്ട് ഇറാഖ് മുൻ സൈനിക മേധാവി സമർപ്പിച്ച ഹർജി ബ്രിട്ടീഷ് ഹൈക്കോടതി തള്ളി. 2003ൽ സദ്ദാം ഭരണകൂടത്തെ അട്ടിമറിക്കാനായ ഇറാഖിൽ ബ്രിട്ടന്റെ ഒത്താശയോടെ അമേരിക്കൻ സഖ്യസേന നടത്തിയ അധിനിവേശം യുദ്ധക്കുറ്റമാണെന്ന് ജനറൽ അബ്ദുൾ വാഹിദ് ശാനാൻ ആരോപിച്ചിരുന്നു. ബ്ലെയറെ പ്രതിചേർക്കണമെന്നായിരുന്നു ആവശ്യം. ചീഫ് ജസ്റ്റീസ് ലോർഡ് തോമസ്, ജസ്റ്റീസ് ഓസലി എന്നിവരാണ് ഹർജി തള്ളിയത്. ഇറാഖ് യുദ്ധവേളയിൽ ബ്ലെയർ യുദ്ധക്കുറ്റം നടത്തിയതായി ബ്രിട്ടീഷ് നിയമവ്യവസ്ഥ അംഗീകരിച്ചിട്ടില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ആവശ്യം തള്ളിയത്. അതിനാൽ കേസ് നടപടികൾ തുടരാൻ സാധ്യത നിലനിൽക്കുന്നില്ലെന്നും കോടതി നിരീക്ഷിച്ചു.

ബ്ലെയറിനൊപ്പം മന്ത്രിസഭയിലുണ്ടായിരുന്ന രണ്ടു പേരെയും വിദേശകാര്യസെക്രട്ടറിയായിരുന്ന ജാക്സ് ട്രോ, അറ്റോർണി ജനറൽ ലോഡ് ഗോൾഡ് സ്മിത്ത് എന്നിവരെയും വിചാരണ ചെയ്യണമെന്നും വാഹിദ് ആവശ്യപ്പെട്ടിരുന്നു.

2003ൽ ഇറാഖിൽ യു.എസ്. സഖ്യസേന നടത്തിയ യുദ്ധത്തിൽ ബ്രിട്ടനും പങ്കാളിയായിരുന്നു. സദ്ദാം ഹുസൈന്റെ കൈവശം മാരക സംഹാരശേഷിയുള്ള ആയുധങ്ങൾ ഉണ്ടെന്നാരോപിച്ചാണ് യു.എസ്. സഖ്യസേന ആക്രമണം നടത്തിയത്. ആക്രമണത്തിൽ 15 ലക്ഷം പേരാണ് കൊല്ലപ്പെട്ടത്.

# കലാമിന്റെ സ്മാരകപ്രതിമയിൽ മതഗ്രന്ഥങ്ങൾ: വിവാദം ഉയരുന്നു




*ചെന്നൈ:* മുൻ രാഷ്ട്രപതി അബ്ദുൾ കലാമിന്റെ ജന്മദേശത്തെ സ്മാരകത്തിൽ മതഗ്രന്ഥങ്ങൾ വെച്ചതിന്റെ പേരിൽ തർക്കം.

തീവ്ര തമിഴ് സംഘടനകൾക്കു പുറമെ ഹിന്ദുമക്കൾ കക്ഷിയും വിഷയം ഏറ്റെടുത്തതോടെ സ്മാരകത്തിന്റെ സുരക്ഷ ശക്തമാക്കിയിരിക്കുകയാണ്. ആദ്യമുണ്ടായിരുന്ന ഭഗവദ്ഗീതയ്ക്കു സമീപം കുടുംബാംഗം വെച്ച ഖുർആനും ബൈബിളും ഉദ്യോഗസ്ഥർ പഴയ സ്ഥാനത്തേക്കു മാറ്റി.

വീണ വായിക്കുന്ന കലാം പ്രതിമയ്ക്കു മുന്നിൽ വെച്ച ഭഗവദ്ഗീത എടുത്തുമാറ്റി തിരുക്കുറുൾ വെയ്ക്കുന്നതാണ് തനി തമിഴനായ മുൻ രാഷ്ട്രപതിക്ക് ചേരുന്നതെന്ന് ചൂണ്ടിക്കാട്ടി ഈ ആവശ്യവുമായി എം.ഡി.എം.കെ. ജനറൽ സെക്രട്ടറി വൈക്കോ രംഗത്തെത്തിയതാണ് വിവാദങ്ങൾക്ക് തുടക്കം. ഇതിനെ പിന്തുണച്ച വിടുതലൈ ചിറുതൈകൾ കക്ഷി അദ്ധ്യക്ഷൻ തിരുമാളവൻ, ഭഗവദ്ഗീത വെച്ചത് ഹിന്ദുത്വ അജണ്ടയെന്ന വിമർശനം ഉയർത്തി.

മറ്റു മതഗ്രന്ഥങ്ങൾ ഗീതയ്ക്കൊപ്പം വച്ചതിന്റെ പേരിൽ ഹിന്ദുമക്കൾ പോലീസിൽ പരാതി നൽകി.

# കാബൂളിൽ ഇറാഖി എംബസിക്കുനേരെ ആക്രമണം



*കാബൂൾ:* അഫ്ഗാനിസ്ഥാൻ തലസ്ഥാനമായ കാബൂളിൽ ഇറാഖി എംബസിക്കുനേരെ ഐ.എസ് ഭീകരാക്രമണം. സംഭവമറിഞ്ഞയുടൻ സൈന്യമെത്തി എംബസിയിലുണ്ടായിരുന്നവരെ സുരക്ഷിതമായി ഒഴിപ്പിച്ചു. ആക്രമണത്തിൽ പൊലീസ് ഉദ്യോഗസ്ഥർക്ക് നിസ്സാര പരിക്കേറ്റതല്ലാതെ ആളപായമൊന്നുമുണ്ടായതായി റിപ്പോർട്ടില്ല.

ഇറാഖിലെ നയതന്ത്ര പ്രതിനിധികൾ സുരക്ഷിതരാണെന്ന് ആഭ്യന്തര മന്ത്രാലയ വക്താവ് നജീബ് ദാനിഷ് അറിയിച്ചു. തിങ്കളാഴ്ച രാവിലെയാണ് സംഭവം നടന്നത്.

# ഇത്യോപ്യ കൊടും വരൾച്ചയിൽ

*ആഡിസ് അബാബ:* ആഫ്രിക്കൻ രാജ്യമായ ഇത്യോപ്യ കൊടും വരൾച്ചയുടെ പിടിയിൽ. കിണറുകളെല്ലാം വറ്റിവരണ്ടുകഴിഞ്ഞു. ചൂട് സഹിക്കാൻ കഴിയാതെ പക്ഷിമൃഗാദികൾ കൂട്ടത്തോടെ ചത്തോടുങ്ങുന്നു. പതിനായിരങ്ങൾ ക്യാമ്പിൽ അഭയം തേടിയിട്ടുണ്ട്. പതിറ്റാണ്ടുകൾക്കിടെയുള്ള ഏറ്റവും വലിയ നാശകരമായ വരൾച്ചയാണിത്.

രാജ്യത്തുടനീളം 78 ലക്ഷത്തോളം പേരെയാണ് വരൾച്ച ബാധിച്ചിരിക്കുന്നത്. വരൾച്ച ഇത്യോപ്യയിൽ സാധാരണമാണെങ്കിലും ഇപ്രാവശ്യമത് പാരമ്യതയിലെത്തി. ആരുടെയും കൈയ്യിൽ ഭക്ഷണത്തിനോ മരുന്നിനോ ഉള്ള പണമില്ല. അടിയന്തിരമായി ഭക്ഷണം എത്തിക്കാനുള്ള വഴികൾ തേടിക്കൊണ്ടിരിക്കുകയാണെന്നു സേവ് ദ ചിൽഡ്രൻസ് എന്ന സന്നദ്ധസംഘടനയുടെ ഇത്യോപ്യൻ ഡയറക്ടർ ജോൺ ഗ്രഹാം പറയുന്നു.

For Advertisement Tel: 267-991-2111
CONTACT US



# പോലീസ് ആസ്ഥാനത്ത് വന്‍ അഴിച്ചുപണി



*തിരുവനന്തപുരം:* പൊലീസ് ആസ്ഥാനത്ത് വന്‍ അഴിച്ചുപണി. എഡിജിപി മുതല്‍ എസ്പി വരെയുള്ളവര്‍ ക്കാണ് സ്ഥാനചലനം.

എഡിജിപി ടോമിന്‍ തച്ചങ്കരിയെ ഫയര്‍ഫോഴ്സ് കമന്‍ഡാന്റ് ജനറലാക്കി. അവിടെ നിന്നുള്ള എഡിജിപി എ.ഹേമചന്ദ്രനാണ് ക്രൈംബ്രാഞ്ച് മേധാവി. തച്ചങ്കരിയുടെ സ്ഥാനത്തു ഹെഡ്ക്വാര്‍ട്ടേഴ്സ് എഡിജിപിയായി ഗതാഗത കമ്മീഷനല്‍ എസ്.ആനന്ദകൃഷ്ണനെ നിയമിച്ചു.

ക്രൈംബ്രാഞ്ച് മേധാവി നിതിന്‍ അഗര്‍വാളിനെ വൈദ്യുതി ബോര്‍ഡ് വിജിലന്‍സ് എഡിജിപിയായി നിയമിച്ചു. ഇന്റേണല്‍ സെക്യൂരിറ്റി ഐജിയായി വിനോദ് കുമാറിനെ നിയമിച്ചു. വി.ലക്ഷ്മണന്‍ സെക്യൂരിറ്റി ഐജിയായി തുടരും.

പൊലീസ് ട്രെയിനിങ് കോളജ് പ്രിന്‍സിപ്പല്‍ ഡിഐജി ആണു തിരുവനന്തപുരം സിറ്റിയിലെ പുതിയ കമ്മീഷണര്‍. തിരുവനന്തപുരം ഡിസിപി അരുള്‍ ബി കൃഷ്ണയാണു വയനാട് എസ്.പി. ആലപ്പുഴ എസ്പിയായി സുരേന്ദ്രനേയും കൊല്ലം റൂറല്‍ എസ്പിയായി വിജിലന്‍ സില്‍ നിന്ന് അശോകനെയും കൊച്ചി ഡിസിപിയായി കറുപ്പുസ്വാമിയേയും നിയമിച്ചു.

# നടന്‍ ദിലീപ് ജാമ്യത്തിനായി സുപ്രീം കോടതിയെ സമീപിക്കാനുള്ള സാധ്യതയാരായുന്നു



*കൊച്ചി:* നടി ആക്രമിക്കപ്പെട്ട കേസില്‍ റിമാന്‍ഡില്‍ കഴിയുന്ന നടന്‍ ദിലീപ് ജാമ്യത്തിനായി സുപ്രീം കോടതിയെ സമീപിക്കാനുള്ള സാധ്യത തേടുന്നതായി റിപ്പോര്‍ട്ട്.

സംഭവുമായി ബന്ധമില്ലെന്നു ദീലിപിന്റെ മാനേജരും ഡ്രൈവറുമായിരുന്ന സുനില്‍ രാജ് അന്വേഷണസംഘത്തിനു മുന്നില്‍ മൊഴിനല്‍കിയ പശ്ചാത്തലത്തിലാണ് സുപ്രീം കോടതിയില്‍ ജാമ്യാപേക്ഷ നല്‍കുന്നതിനെപ്പറ്റി ദിലീപ് ആലോചിക്കുന്നത്. ഇതിനു കാലതാമസം നേരിടുന്നതിനാല്‍ ഒരിക്കല്‍ കൂടി ഹൈക്കോടതിയെ സമീപിക്കുന്നതാകും ഉചിതമെന്ന നിയമോപദേശവും ദിലീപിനു മുന്നിലുണ്ട്.

# കുമ്മനം രാജശേഖരന് ലോകായുക്തയുടെ നോട്ടീസ്



*തിരുവനന്തപുരം:* മെഡിക്കല്‍ കോഴയില്‍ ബിജെപി സംസ്ഥാന അദ്ധ്യക്ഷന്‍ കുമ്മനം രാജശേഖരന് ലോകായുക്തയുടെ നോട്ടീസ്.

പാര്‍ട്ടി അന്വേഷണ റിപ്പോര്‍ട്ട് ഹാജരാക്കാന്‍ ലോകായുക്തയുടെ നിര്‍ദ്ദേശം.

മെഡിക്കല്‍ കോളജ് അനുവദിക്കുന്നതിനുവേണ്ടി കേരളത്തിലെ ബി.ജെ.പി നേതാക്കള്‍ 5.60 കോടി കോഴ വാങ്ങിയതായി ബിജെപി നിയോഗിച്ച അന്വേഷണ കമ്മീഷന്‍ കണ്ടെത്തിയിരുന്നു. ബി.ജെ.പി സംസ്ഥാന ജനറല്‍ സെക്രട്ടറി എം.ടി.രമേശിനെതിരെയും അന്വേഷണ റിപ്പോര്‍ട്ടില്‍ പരമാര്‍ശമുണ്ട്.

നേതാക്കള്‍ കോഴ വാങ്ങിയെന്ന അന്വേഷണ കമ്മീഷന്‍ റിപ്പോര്‍ട്ടിനെ തുടര്‍ന്ന് ആര്‍.എസ്. വിനോദിനെ ബിജെപി പുറത്താക്കിയിരുന്നു. സംസ്ഥാന സഹകരണ സെല്‍ കണ്‍വീനറാണ് ആര്‍.എസ്.വിനോദ്.

മറ്റു നേതാക്കളെ അറിയിക്കാതെ കോഴ ആരോപണം അന്വേഷിക്കാന്‍ സമിതിയെ വച്ച സംസ്ഥാന അദ്ധ്യക്ഷന്‍ കുമ്മനം രാജശേഖരനെതിരെ കോര്‍ കമ്മിറ്റിയില്‍ നേതാക്കള്‍ വിമര്‍ശനം ഉന്നയിച്ചിരുന്നു. എന്നാല്‍ അതീവ രഹസ്യമായതിനാലാണ് സംഭവം പറയാതിരുന്നതെന്ന് കുമ്മനം യോഗത്തെ അറിയിക്കുകയായിരുന്നു.

മെഡിക്കല്‍ കോഴ വിവാദത്തില്‍ എത്ര ഉന്നതനായാലും തല ഉരുളുമെന്നു കേന്ദ്ര നേതൃത്വം മുന്നറിയിപ്പു നല്‍കി. ബി.എല്‍. സന്തോഷാണ് കേന്ദ്രത്തിന്റെ നിര്‍ദ്ദേശം യോഗത്തില്‍ അറിയിച്ചത്. റിപ്പോര്‍ട്ട് ചോര്‍ന്നതിനു പിന്നില്‍ നസീര്‍ മാത്രമല്ലെന്ന നിഗമനത്തിലാണ് കേന്ദ്ര നേതൃത്വം. വിവാദം പാര്‍ട്ടിയില്‍ നിന്നുണ്ടായതു ഗൗരവമാണെന്നും കേരളത്തിലെ മുന്നേറ്റത്തെ പ്രതികൂലമായി ബാധിച്ചെന്നും വിലയിരുത്തലുണ്ടായി.

# പശുവിന്റെ പേരിലുള്ള അക്രമം തടയാന്‍ കഴിയുന്നില്ല: മല്ലികാര്‍ജുന്‍



*ന്യൂഡല്‍ഹി:* രാജ്യത്തുടനീളം നടക്കുന്ന പശുവിന്റെ പേരിലുള്ള അതിക്രമങ്ങള്‍ തടയാന്‍ സര്‍ക്കാരിനു കഴിയുന്നില്ലായെന്ന് കോണ്‍ഗ്രസ് നേതാവ് മല്ലികാര്‍ജുന്‍ ഖാര്‍ഗെ ലോകസഭയില്‍ ആരോപിച്ചു.

ജനക്കൂട്ടത്തെ ആക്രമിക്കുന്നത് തടയാന്‍ സര്‍ക്കാര്‍ ഒന്നും ചെയ്യുന്നില്ല. ഇത്തരം സംഭവങ്ങള്‍ മൂലം രാജ്യമൊട്ടുക്കും ഭയപ്പാടോടു കൂടിയാണ് ജീവിക്കുന്നത്. ആരാണ് ഇതിനെല്ലാം ഉത്തരവാദി. വളരെ പെട്ടെന്നു തന്നെയാണ് ജനക്കൂട്ടാക്രമങ്ങള്‍ പടരുന്നത്. ബജ്റംഗദള്‍ പോലുള്ള സംഘടനകളെ വളരാന്‍ സഹായിച്ചത് ആരാണ്. അതിക്രമങ്ങള്‍ തടയുന്നതിനെതിരെ നടപടികള്‍ സ്വീകരിച്ചുവെന്ന് സര്‍ക്കാര്‍ പറയുന്നു. എന്തു നടപടിയാണ് സ്വീകരിച്ചത്- ഖാര്‍ഗെ ചോദിച്ചു.

ഗോരക്ഷാ ഗുണ്ടായിസത്തിനെതിരെ പ്രധാനമന്ത്രി നിലപാട് എടുത്ത അതേ ദിവസമാണ് ജനക്കൂട്ടം ഒരാളെ തല്ലിക്കൊന്നത്. ശക്തമായ നടപടി എടുക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞിരുന്നു. സംഭങ്ങളെ അപലപിക്കുന്നു. എന്നാല്‍ നടപടികള്‍ ഒന്നും എടുത്തിട്ടുമില്ല. സര്‍ക്കാരിന്റെ നിഷ്ക്രിയത്വം ജനങ്ങള്‍ക്ക് എന്തു സന്ദേശമാണ് നല്‍കുന്നതെന്നും അദ്ദേഹം ചോദിച്ചു.

# മുഖ്യമന്ത്രി ഇറക്കിവിട്ടതില്‍ പ്രതിഷേധിച്ച് പത്രപ്രവര്‍ത്തക യൂണിയന്‍

*തിരുവനന്തപുരം:* ബിജെപി ആര്‍എസ്എസ് നേതൃത്വവുമായി നടത്തിയ ചര്‍ച്ചയ്ക്ക് മുന്നോടിയായി മാധ്യമപ്രവര്‍ത്തകരെ ഇറക്കിവിട്ട മുഖ്യമന്ത്രിയുടെ നടപടിയില്‍ പ്രതിഷേധവുമായി കേരള പത്രപ്രവര്‍ത്തക യൂണിയന്‍. എല്ലാ ഉന്നത തല യോഗങ്ങളുടെയും തുടക്കത്തിലെ ദൃശ്യങ്ങള്‍ മാധ്യമങ്ങള്‍ പകര്‍ത്തുന്നത് സാധാരണ നടപടിയാണ്. മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായ സമീപനം നിര്‍ഭാഗ്യകരവും അവഹേളനപരവുമായിപ്പോയെന്ന് പത്രപ്രവര്‍ത്തകയൂണിയന്‍ വാര്‍ത്താക്കുറിപ്പില്‍ അറിയിച്ചു.

യോഗം റിപ്പോര്‍ട്ട് ചെയ്യുന്നത് പാടില്ലായിരുന്നുവെങ്കില്‍ പ്രസ് സെക്രട്ടറി മുഖേന അക്കാര്യം മാന്യമായി മാധ്യമപ്രവര്‍ത്തകരെ അറിയിക്കാമായിരുന്നു. വാര്‍ത്ത തേടിയെത്തുക എന്നത് മാധ്യമപ്രവര്‍ത്തകരുടെ സ്വാഭാവിക രീതിയും അവകാശവുമാണ്. സാധാരണപ്പെട്ട വാര്‍ത്തകളുടെ ശേഖരണം പോലും അസാധ്യമാകുന്ന സ്ഥിതിയുണ്ടാല്‍ മാധ്യമപ്രവര്‍ത്തനത്തെ സംഘര്‍ഷഭരിതമാക്കുന്ന സ്ഥിതി ഉണ്ടാകും. മുഖ്യമന്ത്രി ഇത് തിരിച്ചറിഞ്ഞ് തിരുത്താന്‍ തയ്യാറാകണമെന്നും പ്രസ്താവനയില്‍ ആവശ്യപ്പെടുന്നു.

# അധ്യയനം മുടക്കുന്നത് അവസാനിപ്പിക്കണമെന്ന് ഹൈക്കോടതി




*കൊച്ചി:* സംസ്ഥാനത്തെ സ്കൂളുകളിലും കോളജുകളിലും വിദ്യാര്‍ത്ഥി സംഘടനകള്‍ തുടര്‍ച്ചയായി അധ്യയനം മുടക്കുന്നത് അവസാനിപ്പിക്കാന്‍ സര്‍ക്കാര്‍ നടപടി സ്വീകരിക്കണമെന്ന് ഹൈക്കോടതി. വിഷയത്തില്‍ സര്‍ക്കാര്‍ നടപടി സ്വീകരിക്കുന്നില്ലായെങ്കില്‍ ഇടപെടേണ്ടിവരുമെന്നും ഹൈക്കോടതി മുന്നറിയിപ്പു നല്‍കി. വിദ്യാര്‍ത്ഥി സംഘടനകള്‍ തുടര്‍ച്ചയായി പഠിപ്പ് മുടക്ക് നിര്‍ത്തി അധ്യയനം തടസ്സപ്പെടുത്തുന്നതിന് എതിരെ ഒരുകൂട്ടം സിബിഎസ്ഇ സ്കൂളുകളും ചില കോളജുകളും സമര്‍പ്പിച്ച ഹര്‍ജി പരിഗണിക്കുന്നതിനിടെയാണ് ഹൈക്കോടതിയുടെ ഈ നിരീക്ഷണം.

ഇക്കൊല്ലം 12 വിദ്യാഭ്യാസ ബന്ദുകള്‍ നടത്തി അധ്യയനം തടസ്സപ്പെടുത്തിയെന്നാണ് ഹര്‍ജിക്കാരുടെ വാദം. എന്നാല്‍, വിദ്യാര്‍ത്ഥി അനുകൂല സംഘടനകളുമായി ചര്‍ച്ച ചെയ്ത ശേഷമേ ഇക്കാര്യത്തില്‍ നിലപാട് സ്വീകരിക്കാനാകൂ എന്നാണ് സര്‍ക്കാര്‍ നിലപാട്. അതേ സമയം ഇത് കോടതി തള്ളി.



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

## പോലീസ് തലപ്പത്ത് വനിത

**പി.പി.ചെറിയാൻ**



*ഡാളസ്:* ഡാളസിന്റെ ചരിത്രത്തിൽ ആദ്യമായി വനിതാ പോലീസിന്റെ തലപ്പത്ത് വനിതയെ നിയമിച്ചു.

ഡിട്രോയിറ്റ് ഡെപ്യൂട്ടി പൊലീസ് ചീഫും പത്തൊമ്പതു വർഷവും സർവ്വീസിലുള്ള ഉലിഷ റിനെ ഹോളിനെയാണ് പ്രഥമ വനിതാ പോലീസ് ചീഫായി നിയമിക്കുന്നതെന്ന് ഡാളസ് സിറ്റി മാനേജർ അറിയിച്ചു.

പോലീസ് ചീഫായിരുന്ന ഡേവിഡ് ബ്രൗൺ റിട്ടയർ ചെയ്ത ഒഴിവിലാണ് പുതിയ നിയമനം. റിനെയ്ക്ക് ആറു വയസ്സുള്ളപ്പോൾ റിനെയുടെ പിതാവും പൊലീസ് ഓഫീസറുമായിരുന്ന ഉലിസസ് ബ്രൗൺ ഡ്യൂട്ടിക്കിടെ വെടിയേറ്റു മരിച്ചിരുന്നു.

## കെ.എച്ച്.എൻ.എ കൺവൻഷൻ ന്യൂജേഴ്സിയിൽ ഡോ.രേഖാ മേനോന്റെ നേതൃത്വത്തിൽ

*ന്യൂജേഴ്സി:* 2019 കെ.എച്ച്.എൻ.എ കൺവൻഷൻ ന്യൂജേഴ്സിയിൽ ഡോ.രേഖാ മേനോന്റെ നേതൃത്വത്തിൽ നടക്കും. അമേരിക്കയിലെ മലയാളിബന്ധമുള്ള ദേശീയ സംഘടനകളിൽ പുതുചരിത്രം എഴുതിയ അമേരിക്കൻ മണ്ണിൽ തന്നെ ജനിച്ചുവളർന്ന രണ്ടാം തലമുറയിൽ നിന്നും ആദ്യമായി ഒരാൾ പ്രസിഡന്റ് സ്ഥാനത്തേക്കെത്തുന്നു. അതോടൊപ്പം സംഘടനയുടെ ചരിത്രത്തിൽ ആദ്യമായി ഒരു വനിത ആ സ്ഥാനം അലങ്കരിക്കുന്നു എന്ന പ്രത്യേകതയും.

ഡിട്രോയിറ്റ് കൺവൻഷനിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ ഡോ.രേഖാ മേനോൻ പ്രസിഡന്റായും കൃഷ്ണരാജ് മോഹൻ സെക്രട്ടറിയായും ജയ്ചന്ദ്രൻ വൈസ് പ്രസിഡന്റായും വിനോദ് കേയാർകെ ട്രഷററായും തെരഞ്ഞെടുക്കപ്പെട്ടു. ട്രസ്റ്റീബോർഡ് ചെയർമാൻ ഷിബു ദിവാകരൻ, മുൻ പ്രസിഡന്റുമാരായ ആനന്ദൻ നിരവേൽ, ഡോ.രാംദാസ്പിള്ള എന്നിവർ തെരഞ്ഞെടുപ്പ് നടപടികൾക്ക് നേതൃത്വം നൽകി.

## സ്വാമി ഉദിത് ചൈതന്യ ന്യൂയോർക്കിൽ

**ജയപ്രകാശ് നായർ**



*ന്യൂയോർക്ക്:* ഹ്രസ്വസന്ദർശനാർത്ഥം സ്വാമി ഉദിത് ചൈതന്യ ന്യൂയോർക്കിലെത്തും. 20 മുതൽ 26വരെയുള്ള ദിവസങ്ങളിൽ വൈകുന്നേരം 5 മുതൽ 8.30വരെ ബെൽറോസിൽ ബ്രാഡക്ക് അവന്യുവിലുള്ള നായർ ബനവലന്റ് അസോസിയേഷൻ സെന്ററിൽ പ്രഭാഷണം നടത്തും.

എല്ലാദിവസവും കുട്ടികൾക്ക് വൈകുന്നേരം 5 മുതൽ 6 വരെ പ്രത്യേക ക്ലാസുകൾ ഉണ്ടായിരിക്കും. ചോദ്യോത്തരവേളയ്ക്കുശേഷം 8.30 വരെ പ്രഭാഷണം.

റാം പോറ്റി, ഗോപിനാഥ് കുറുപ്പ്, ജയപ്രകാശ് നായർ, ബാഹുലേയൻ രാഘവൻ, കുന്നപ്പള്ളിൽ രാജഗോപാൽ, രഘുവരൻ നായർ, രഘുനാഥൻനായർ, സതീഷ് കാലത്ത്, ഡോ. നിഷാ പിള്ള, താമര രാജീവ്, ചിത്രജ ചന്ദ്രമോഹൻ എന്നിവരടങ്ങിയ കമ്മറ്റിയാണ് പരിപാടികൾക്ക് നേതൃത്വം നൽകുന്നത്.

20ന് വൈകിട്ട് ഗായിക അനിത കൃഷ്ണയുടെ സംഗീത കച്ചേരിയും സമാപന ദിവസമായ 26ന് മനോജ് കൈപ്പള്ളി നയിക്കുന്ന ഭക്തിഗാനമേളയും അരങ്ങേറും. ഭാഗവതം വില്ലേജ് കമ്യൂണിറ്റി അവാർഡുകൾ സ്വാമി വിതരണം ചെയ്യും. മറ്റുള്ള ദിവസങ്ങളിൽ കുട്ടികളുടെ കലാപരിപാടികൾ അരങ്ങേറും. അന്നദാനവും പ്രസാദവിതരണവും ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്: 516 395 1835, 845 548 3938.

## മുരളി ജെ നായർ പ്രോഗ്രാം കമ്മറ്റി ചെയർപേഴ്സൺ

*ന്യൂയോർക്ക്:* ഒക്ടോബറിൽ നടക്കുന്ന ലാനയുടെ രണ്ടാമത് വാർഷികാഘോഷ പരിപാടികളുടെ പ്രോഗ്രാം കമ്മറ്റി ചെയർപേഴ്സണായി സാഹിത്യകാരൻ മുരളി ജെ. നായർ നേതൃത്വം വഹിക്കും

വടക്കേ അമേരിക്കയിലെ മലയാള സാഹിത്യകാരന്മാരുടെ സമന്വയ സംഘടനയായ ലാനയുടെ ഇരുപതാം വാർഷികത്തിൽ സാംസ്കാരിക പ്രാധാന്യമുള്ള വിഷയം ഉൾപ്പെടുത്തണമെന്നാണ് ഭാരവാഹികൾ അറിയിക്കുന്നത്. 30ന് മുമ്പ് മുരളി ജെ.നായരുമായി ബന്ധപ്പെടണമെന്ന് ലാനാ പ്രസിഡന്റ് ജോസ് ഓച്ചാലിൽ സെക്രട്ടറിജെ.മാത്യൂസ് ട്രഷറർ ജോസൻ ജോർജ് എന്നിവർ അറിയിച്ചു.

## വി.എം.സുധീരന് സ്വീകരണം



*ഷിക്കാഗോ:* ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതാവും മുൻ കെ.പി.സി.സി പ്രസിഡന്റുമായിരുന്ന വി.എം. സുധീരന് ഐ.എൻ.ഒ.സി. മിഡ് വെസ്റ്റ് റീജൻ ഷിക്കാഗോയുടെ നേതൃത്വത്തിൽ സ്വീകരണം നൽകി.

ഐ.എൻ.ഒ.സി കേരള ചാപ്റ്റർ നാഷണൽ വൈസ് ചെയർമാൻ തോമസ് മാത്യുവിന്റെ വസതിയിൽ ചേർന്ന് റീജണൽ പ്രസിഡന്റ് വർഗീസ് പാലമല അദ്ധ്യക്ഷത വഹിച്ചു. കേരള ചാപ്റ്റർ ജനറൽ സെക്രട്ടറി സന്തോഷ് നായർ പ്രസംഗിച്ചു. വർഗീസ് മാളിയേക്കൽ, ഉഴവൂർ വിജയൻ, മാതാ ഭാസി എന്നിവരുടെ വിയോഗത്തിൽ അനുശോചിച്ചു.

ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനരീതിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും വിദേശ മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും ചർച്ച നടന്നു.

ഒ.ഐ.സി നേതാക്കളായ കേരള ചാപ്റ്റർ വൈസ് ചെയർമാൻ തോമസ് മാത്യു, മുൻ പ്രസിഡന്റുമാരായ പോൾ പറമ്പി, അഗസ്റ്റ്യൻ കരീംകുറ്റിയിൽ, വൈസ് പ്രസിഡന്റ് ജോർജ് പണിക്കർ, ഫൊക്കാന സ്ഥാപകനേതാവായ ഡോ.അനിരുദ്ധൻ, എസ്.എം.സി.സി നാഷനൽ സെക്രട്ടറി മേഴ്സി കുര്യാക്കോസ്, എബിൻ കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു.

## സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിക്ക് ഫൊക്കാനയുടെ തുടക്കം

*ന്യൂയോർക്ക്:* ഫൊക്കാനയുടെ ആലപ്പുഴയിൽ നടന്ന കേരളാ കൺവൻഷനിൽ പ്രഖ്യാപിച്ച പദ്ധതിയാണ് സ്നേഹവീട്. കേരളത്തിലെ എല്ലാ ജില്ലകളിലും തുടക്കത്തിൽ ഒരു വീട് നൽകുകയും തുടർന്ന് താലൂക്ക്, പഞ്ചായത്ത് തലങ്ങളിലേക്കും വ്യാപിക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഭവനരഹിതർക്ക് നൂറു വീടെങ്കിലും നിർമ്മിച്ചു നൽകുവാനും അവരെ കേരളത്തിന്റെ സാമൂഹിക പ്രക്രിയയുടെ ഭാഗമാക്കുവാനുമുള്ള സംവിധാനം ഒരുക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഫൊക്കാന ഈ പദ്ധതിക്ക് തുടക്കമിട്ടത്. കേരള സർക്കാരുമായി സഹകരിച്ചാണ് ഫൊക്കാന ഈ പദ്ധതിയുമായി മുന്നോട്ട് പോകുന്നതെന്ന് പ്രസിഡന്റ് തമ്പി ചാക്കോ പറഞ്ഞു.

ഫൊക്കാന പ്രവർത്തകർക്ക് നേരിട്ട് അറിയാവുന്ന ഭവനരഹിതരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയുന്നുണ്ടെന്ന് സെക്രട്ടറി ഫിലിപ്പോസ് ഫിലിപ്പ് അഭിപ്രായപ്പെട്ടു.

തമ്പി ചാക്കോ(പ്രസിഡന്റ്), ഫിലിപ്പോസ് ഫിലിപ്പ് (ജനറൽ സെക്രട്ടറി), ഷാജി വർഗീസ് (ട്രഷറർ), ജോയി ഇട്ടൻ (എസ്.വൈസ് പ്രസിഡന്റ്), ജോർജി വർഗീസ് (ട്രസ്റ്റി ബോർഡ് ചെയർമാൻ), പോൾ കറുകപ്പള്ളിൽ (ഫൗണ്ടേഷൻ ചെയർമാൻ), ലീലാ മാരേട്ട് (വിമൻസ് ഫോറം ചെയർമാൻ), ജോസ് കാനാട്ട് (വൈസ് പ്രസിഡന്റ്), മാധവൻനായർ (കൺവൻഷൻ ചെയർമാൻ), ഡോ. മാത്യു വർഗീസ് (അസോ. സെക്രട്ടറി), ഏബ്രഹാം വർഗീസ് (അഡീഷണൽ അസോ.സെക്രട്ടറി), ഏബ്രഹാം കളത്തിൽ (അസോ.ട്രഷറർ), സണ്ണി മറ്റമന (അഡീ.അസോ.ട്രഷറർ)എന്നിവർ അറിയിച്ചു.

## ഫൊക്കാന കൺവൻഷൻ കിക്കോഫിനു തുടക്കം




**ജോർജ് ഓലിക്കുഴി**

*ഫിലാഡൽഫിയ:* ഫൊക്കാന 2018 കൺവൻഷൻ കിക്കോഫിനു തുടക്കം. 6ന് വൈകിട്ട് 5ന് ഫൊക്കാന കൺവൻഷന്റെ ഹോസ്റ്റ് അസോസിയേഷനായ പമ്പ ഇന്ത്യൻ കമ്യൂണിറ്റി സെന്ററിലാണ് പരിപാടികൾ ക്രമീകരിച്ചിരിക്കുന്നതെന്ന് പമ്പ പ്രസിഡന്റ് അലക്സ് തോമസ് അറിയിച്ചു.

ഫിലാഡൽഫിയിലും പരിസരപ്രദേശങ്ങളിലും പ്രവർത്തിക്കുന്ന ഫൊക്കാനയുടെ അംഗ സംഘടനകളായ മേളയും ഫിൽമയും അസോസിയേഷനായ പമ്പ മലയാളി അസോസിയേഷനോട് ചേർന്ന് പ്രവർത്തിക്കുമെന്ന് ഫൊക്കാന പ്രസിഡന്റ് തമ്പി ചാക്കോ അറിയിച്ചു.

രജിസ്ട്രേഷൻ ചെയർമാൻ മോഡി ജേക്കബ്, പ്രസിഡന്റ് തമ്പി ചാക്കോ, ജനറൽ സെക്രട്ടറി ഫിലിപ്പോസ് ഫിലിപ്പ്, കൺവൻഷൻ ചെയർമാൻ മാധവൻനായർ, ഫൗണ്ടേഷൻ ചെയർമാൻ പോൾ കറുകപ്പിള്ളി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ലീലാ മാരേട്ട് പി.ആർ.ഒ. ശ്രീകുമാർ ഉണ്ണിത്താൻ എന്നിവർ പങ്കെടുക്കും.

കൂടുതൽ വിവരങ്ങൾക്ക്: 215 850 5268, 267 575 7333.

# കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി ഓണാഘോഷം സെപ്റ്റം 16ന്

**ജോസഫ് ഇടിക്കുള**

*ന്യൂജേഴ്സി:* കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി (കാൻജ്) ഓണാഘോഷം സെപ്റ്റംബർ 16ന് ന്യൂജേഴ്സി മോണ്ട് ഗോമറി ഹൈസ്കൂളിൽ നടക്കും. ഔദ്യോഗിക ടിക്കറ്റ് വില്പനയുടെ ഉദ്ഘാടനം എഡിസൺ ഹോട്ടൽ ലൈബ്രറിയിൽ നടന്നു. പ്രസിഡന്റ് സ്വപ്ന രാജേഷിൽ നിന്നും ആദ്യടിക്കറ്റ് ദിലീപ് വർഗീസ് ഏറ്റുവാങ്ങി. താര ആർട്സ് വിജയൻ മേനോൻ, അനിയൻ ജോർജ്, ഫോമ ജനറൽ സെക്രട്ടറി ജിബി തോമസ് മോളോപറമ്പിൽ, ജോസ് വിളയിൽ, രാജു പള്ളത്ത്, സുനിൽ ട്രൈസ്റ്റാർ, മാലിനി നായർ, രാജൻ ചീരൻ, ഷിറാസ് യുസഫ്, ഷീല ശ്രീകുമാർ, ആനി ജോർജ്, സജി ജോർജ്, ജിനു അലക്സ്,സുധീർ നമ്പ്യാർ, ആനി ലിബു തുടങ്ങിയവർ പങ്കെടുത്തു.

വൈസ്പ്രസിഡന്റ് അജിത് കുമാർ ഹരിഹരൻ, ജനറൽ സെക്രട്ടറി ജെയിംസ് ജോർജ്, ജോയിന്റ് സെക്രട്ടറി നീന എസ്. ഫിലിപ്പ്, ട്രഷറർ ഏബ്രഹാം ജോർജ്, ജോയിന്റ് ട്രഷറർ സണ്ണി വാലിപ്ലാക്കൽ, നന്ദിനി മേനോൻ (ചാരിറ്റി അഫേഴ്സ്), പ്രഭു കു മാർ (പബ്ലിക് ആന്റ് സോഷ്യ ൽ അഫേഴ്സ്), കെവിൻ ജോർജ് (യൂത്ത് അഫേഴ്സ്), ദീപ്തി നായർ (കൾച്ചറൽ അഫേഴ്സ്), അലക്സ് മാ ത്യു (എക്സ് ഒഫീഷ്യൽ), ജോസഫ് ഇടിക്കുള (മീഡിയ ആന്റ് കമ്യൂണിക്കേഷൻസ്) തുടങ്ങിയവരും പങ്കെടുത്തു.

ആഘോഷത്തിന്റെ ഭാഗമായി ഡാൻസ് മ്യൂസിക് കോമഡി പരിപാടികളും ഉണ്ടായിരിക്കും. വിനീത് ലക്ഷ്മി ഗോപാല സ്വാമി, സുബി, വിവേകാനന്ദൻ തുടങ്ങിയ താരനിരകൾ പങ്കെടുക്കും. പരിപാടികളിലേക്ക് എല്ലാവരേയും ക്ഷണിക്കുന്നതായി വൈസ് പ്രസിഡന്റ് അജിത് കുമാർ ഹരിഹരൻ, ജനറൽ സെക്രട്ടറി ജെയിംസ് ജോർജ്, ട്രഷറർ ഏബ്രഹാം ജോർജ് എന്നിവർ അറിയിച്ചു.

# ഡ്രം ലവേഴ്സ് ഓഫ് ഫ്ളോറിഡ കൂട്ടായ്മ



*മയാമി:* കൺവൻഷൻ ഓഫ് സൗത്ത് ഫ്ളോറിഡയിലെ ചെണ്ടവാദനത്തെ ആസ്വദിക്കുന്നവരുടെ കൂട്ടായ്മയ്ക്ക് രൂപം നൽകി. ഫ്ളോറിഡ സംസ്ഥാനത്തിലെ വിവിധ ഭാഗങ്ങളിൽ മയാമി മുതൽ ജാക്സൺ വരെയുള്ള മലയാളി സംഘടനകളുടെ പരിപാടികളിലും വിവിധ ദേവാലയങ്ങളിലെ ആഘോഷങ്ങളിലും ഡ്രം ലൗവേഴ്സ് ഓഫ് ഫ്ളോറിഡ പരിപാടികൾ നടത്തിവരുന്നു.

ഡ്രം ലവേഴ്സിന്റെ നേതൃത്വത്തിൽ ജാസ്മിൻ കരേടന്റെ ശിക്ഷണത്തിൽ എട്ടു മുതൽ 13 വരെയുള്ളവർക്ക് ചെണ്ടപരിശീലനത്തിൽ ക്ലാസുകൾ ആരംഭിച്ചു.

കലാ ഉപാസനയുടെ ആദ്യ പാഠത്തിന്റെ തിരിതെളിച്ചത് കർണ്ണാടിക് സംഗീതജ്ഞനും പാടുംപാതിരി എന്ന വിശേഷണവുമുള്ള റവ.ഡോ. പോൾ പൂവത്തിങ്കലാണ്.

തുടർന്ന് ലവേഴ്സിന്റെ ആഭിമുഖ്യത്തിൽ ഗാനമേളയും കപ്പിൾ ഡാൻസും മാജിക് ജോഷയും വിവിധ കലാപരിപാടികളും അരങ്ങേറി. ജോൺതോമസ് സ്വാഗതവും നോയൽ മാത്യു കൃതജ്ഞതയും പറഞ്ഞു.

റോബിൻസൺ, വാണി മുരളി എന്നിവർ എം.സിമാരായിരുന്നു.

# ഇരട്ടക്കുട്ടികൾ മുങ്ങിമരിച്ചു



**പി.പി.ചെറിയാൻ**

*ലോംഗ് ഐലന്റ്:* മൂന്നു വയസ്സു പ്രായമുള്ള ഇരട്ടക്കുട്ടികൾ വീട്ടുമുറ്റത്തുള്ള നീന്തൽ കുളത്തിൽ മുങ്ങിമരിച്ചു. ജൂലൈ 26നായിരുന്നു സംഭവം.

ജോലി കഴിഞ്ഞ് വീട്ടിൽവന്ന കുട്ടികളുടെ മാതാവ് ഉറങ്ങാൻ കിടന്നു. ഇരട്ടകളും ഒപ്പമുണ്ടായിരുന്നു. ഉറക്കമുണർന്നു നോക്കിയപ്പോൾ കുട്ടികളെ കാണാനില്ല. ജനാലിലൂടെ വീട്ടുമുറ്റത്തേക്കു നോക്കിയപ്പോൾ ഒരു കുട്ടി വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതാണ് കണ്ടത്. രണ്ടാമത്തെ കുട്ടിയെ കണ്ടെത്താൻ കഴിയാത്തതിനാൽ ഫയർ ഫോഴ്സിനെ അറിയിച്ചു. അവരെത്തി മറ്റേ കുട്ടിയേയും പുറത്തെടുത്തു. ഇരുവരേയും പ്ലെയിൻ വ്യൂ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

അഞ്ചുവയസ്സുള്ള സഹോദരൻ വീട്ടിൽതന്നെയുണ്ടായിരുന്നു. പിതാവ് ജോലിയിലും. ഇതൊരു അപകട മരണമായിട്ടാണ് കാണുന്നതെന്ന് സഫോൾക്ക് കൗണ്ടി പോലീസ് ഡിറ്റക്ടീവ് ലഫ്റ്റനന്റ് കെവിൻ പറഞ്ഞു.

# ആധാർ എംബസി വഴി നൽകണം

*ന്യൂയോർക്ക്:* എല്ലാ മേഖലകളിലും അടിസ്ഥാന തിരിച്ചറിയൽ രേഖ എന്ന നിലയ്ക്ക് ആധാർ മാറിയ സാഹചര്യത്തിൽ ആധാർ എംബസി കോൺസുലേറ്റ് വഴി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തോമസ് ടി.ഉമ്മൻ ആവശ്യപ്പെട്ടു.

ആദായ നികുതി അടയ്ക്കുന്നതിലും ആധാർ നിർബന്ധഘടകമായിരിക്കുകയാണ്. ഇതിനായി പാൻകാർഡിനെ ആധാറുമായി ബന്ധിപ്പിക്കണമെന്നാണ് നിർദ്ദേശം. പ്രവാസികൾക്കും ഈ നിയമം ബാധകമാണെന്നാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. വിവിധങ്ങളായ ആവശ്യങ്ങൾക്ക് പാൻകാർഡും ആധാറുമായി ബന്ധിപ്പിക്കണമെന്ന അറിയിപ്പുകളും റിസർവ് ബാങ്ക് പുറപ്പെടുവിച്ചുകഴിഞ്ഞു.

വിദേശത്തുള്ള പ്രവാസികളിൽ ആധാർ കാർഡില്ലാത്തവർ അതിനുവേണ്ടി മാത്രം നാട്ടിലേക്ക് യാത്ര ചെയ്യേണ്ടിവരുന്നത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# പ്രഥമ അമേരിക്കൻ നായർ സംഗമം തിരുവനന്തപുരത്ത് നടന്നു



*തിരുവനന്തപുരം:* പ്രഥമ അമേരിക്കൻ നായർ സംഗമം തിരുവനന്തപുരത്ത് ഒ.രാജഗോപാൽ എം.എൽ.എ ഉദ്ഘാടനം ചെയ്തു. നാട്ടിലെ പ്രശ്നങ്ങൾക്കെല്ലാം കാരണം ജാതിമത ചിന്തയാണെന്ന പ്രചരണത്തിന് അടിസ്ഥാനമില്ലെന്ന് അദ്ദേഹം പറഞ്ഞു. ജാതിയും മതത്തിനുമെതിരെ പ്രസംഗിക്കുന്നവർ വ്യക്തിപരമായ കാര്യങ്ങളിൽ ജാതീയത ഉപേക്ഷിക്കാത്തവരാണ്. മന്നത്തു പദ്മനാഭനും കെ.കേളപ്പനും എം.പി. മന്മഥനും ജാതിപ്പേര് ഉപേക്ഷിച്ചപ്പോൾ ഇ.എം.എസ്.നമ്പൂതിരിപ്പാട് ഉപേക്ഷിക്കാതിരുന്നത് ഉദാഹരണം മാത്രം. തെരഞ്ഞെടുപ്പുവരുമ്പോൾ ജാതിയും മതവും നോക്കി സ്ഥാനാർത്ഥികളെ നിർത്തിയശേഷവും ജാതിക്കെതിരെ പ്രസംഗിക്കുന്നു. രാജഗോപാൽ തുടർന്നു.

സമുദായ സ്നേഹം രാജ്യസ്നേഹത്തിനെതിരല്ലെന്ന് മുഖ്യപ്രഭാഷണം നടത്തിയ മുൻ അംബാസിഡർ ടി.പി. ശ്രീനിവാസൻ പറഞ്ഞു. ചെറിയ ലോകത്തിൽ നിന്നു മാത്രമേ വിശാല കേരളത്തിലേക്ക് കടക്കാനാവൂ എന്ന ദ്ദേഹം പറഞ്ഞു.

നായർസംഗമം ചെയർമാൻ രാജേഷ് നായർ അദ്ധ്യക്ഷത വഹിച്ചു. എൻ.എസ്.എസ്, 5 ഓഫ് നോർത്ത് അമേരിക്കൻ പ്രസിഡന്റ് എം.എൻ.സി.നായർ, കേണൽ രമേശ്, ജി.ശേഖരൻനായർ, മിനി നായർ എന്നിവർ പ്രസംഗിച്ചു. സംഗമത്തിന്റെ ഭാഗമായി നടന്ന ബിസിനസ്സ് മീറ്റ് ഇന്ത്യൻ ബാങ്ക് സോണൽ മാനേജർ സുന്ദർദാസ് ഉദ്ഘാടനം ചെയ്തു. സാംസ്കാരികപരിപാടികളും ഇതിന്റെ ഭാഗമായി നടന്നു.

# സബ് കമ്മറ്റികളിലേക്ക് അമേരിക്കൻ ഭദ്രാസനത്തിൽ നിന്നുള്ള മാനേജിംഗ് കമ്മറ്റിയംഗങ്ങൾ



**വർഗീസ് പോത്താനിക്കാട്**

*ന്യൂയോർക്ക്:* മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റിയുടെ വിവിധ സബ് കമ്മറ്റികളിലേക്ക് അമേരിക്കൻ ഭദ്രാസനത്തിൽ നിന്ന് മാനേജിംഗ് കമ്മറ്റിയംഗങ്ങളെ തെരഞ്ഞുടത്തു.

ബസേലിയോസ് മാർത്തോമ മാത്യൂസ് പ്രഥമൻ ഓഡിറ്റോറിയത്തിൽ നടന്ന സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മറ്റി യോഗത്തിൽവെച്ച് പ. ബാവാ നോമിനേറ്റ് ചെയ്യ്തു

ആർക്കിടെക്ചർ ആന്റ്ഡ് എഞ്ചിനീയറിംഗ് കമ്മറ്റി ജോസഫ് ഏബ്രഹാം (ന്യൂജേഴ്സി), ഏബ്രഹാം പന്നിക്കോട്ട് (ക്ലീവാൻഡ്, ഒഹായോ) എന്നിവരെയും ഫിനാൻസ് കമ്മറ്റിയിലേക്ക് ഫാ. ലാബി ജോർജ് പനയ്ക്കാമറ്റം (വാഷിംഗ്ടൺ ഡി.സി), പബ്ലിക് റിലേഷൻസ് കമ്മറ്റിയിലേക്ക് ജോർജ് തുമ്പയിൽ (ന്യൂജേഴ്സി) എന്നിവരെയും നോമിനേറ്റു ചെയ്തു.

# നഴ്സ് സെമിനാറിന്റെ ചെയർപേഴ്സനായി മേരി ഫിലിപ്പ്

**ശ്രീകുമാർ ഉണ്ണിത്താൻ**



*ന്യൂയോർക്ക്:* 2018 ജൂലൈ നാലു മുതൽ 7വരെ ഫിലഡൽഫിയയിൽ നടക്കുന്ന ഫൊക്കാനാ നാഷണൽ കൺവൻഷനിൽ നടത്തുന്ന നഴ്സ് സെമിനാറിന്റെ ചെയർപേഴ്സനായി മേരി ഫിലിപ്പിനെ നിയമിച്ചതായി പ്രസിഡന്റ് തമ്പി ചാക്കോ സെക്രട്ടറി ഫിലിപ്പോസ് എന്നിവർ അറിയിച്ചു.

കഴിഞ്ഞ 26 വർഷമായി ഫൊക്കാനയുടെ സന്തത സഹചാരിയാണ് മേരി ഫിലിപ്പ്. ഫൊക്കാനയുടെ ടാലന്റ് കൺവൻഷനുകളിലും നഴ്സ് സെമിനാറിന്റെ കോർഡിനേറ്ററായി പ്രവർത്തിച്ചിട്ടുള്ള മേരി, ഫൊക്കാനാ റീജിയൻ ജോയിന്റെ സെക്രട്ടറി, ഇന്ത്യൻ നഴ്സ് അസോസിയേഷൻ ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ്, ഇന്ത്യൻ കാത്തലിക് അസോസിയേഷൻ ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാനായും പ്രവർത്തിച്ചുവരുന്നു.

# സെന്റ് തോമസ് ഡേ ആചരിച്ചു

*ന്യൂയോർക്ക്:* ഇന്ത്യൻ കാത്തലിക് അസോസിയേഷൻ ജൂലൈ 22ന് സെന്റ് വിൻസെന്റ് പോൾ കത്തീഡ്രലിൽ സെന്റ് തോമസ് ഡേ ആചരിച്ചു. കത്തീഡ്രൽ വികാരി ഫാ. നോബി അയ്യനേത്തിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാന നടന്നു. തുടർന്ന് ഇന്ത്യൻ കാത്തലിക് അസോസിയേഷൻ പ്രസിഡന്റ് ജോൺ കെ.ജോർജിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനം ഫാ.നോബി അയ്യനേത്ത് ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ ചെയർ പേഴ്സൺ മേരി ഫിലിപ്പ് അർപ്പിത എസ്.ഐ.സി എന്നിവർ ആശംസകൾ പറഞ്ഞു. അസോസിയേഷന്റെ മുൻകാല പ്രസിഡന്റുമാരെ പൊന്നാട അണിയിച്ച് ആദരിച്ചു. ജോയിന്റ് സെക്രട്ടറി പോൾ ജോസ് നന്ദിയും സെക്രട്ടറി ലിജോ ജോൺ സ്വാഗതവും പറഞ്ഞു. ട്രഷറർ സാബു മർക്കോസ്, എക്സിക്യൂട്ടീവ് അംഗങ്ങൾ ജോസ് മലയിൽ, ആന്റോ വർക്കി എന്നിവർ പരിപാടികൾക്ക് നേതൃത്വം വഹിച്ചു.

# കെ.സി.എസ്. വാർഡുതല കൂട്ടായ്മ നടന്നു

**ജോണിക്കുട്ടി പിള്ളവീട്ടിൽ**

*ഷിക്കാഗോ:* ഷിക്കാഗോ സൗത്ത് വെസ്റ്റ്, വെസ്റ്റ് സബേർബുകളിൽ താമസിക്കുന്ന 120ൽപരം ക്നാനായ കുടുംബങ്ങൾ ഹിഡൻലേക്ക് ഫോറസ്റ്റ് പിക്നിക് ലൊക്കേഷനിൽ ഒത്തുചേർന്നു.

കെ.സി.എസ്. രണ്ടാം വാർഡ് കോർഡിനേറ്റർ ജോബി ഓളിയിൽ, കെ.സിസിഎൻഎ റീജിയൻ വൈസ് പ്രസിഡന്റ് രണ്ടാംവാർഡ് അംഗം ജയ്മോൻ നന്ദികാട്ട്, വാർഡ് അംഗങ്ങളായ ജയിംസ് മന്താങ്കൽ, സുനിൽ ചക്കാലക്കൽ, ജിമ്മി മുകളേൽ, രണ്ട്, മൂന്ന് വാർഡുകളിലേ കോർഡിനേറ്റർമാരായ ജിമ്മി കണിയാലിൽ, മഞ്ജു ഓട്ടപ്പള്ളിൽ എന്നിവരും സമ്മർവെസ്റ്റ് വിജയത്തിനായി കൈകോർത്തു. ഷിക്കാഗോ കെ.സി.എസ് പ്രസിഡന്റ് ബിനു പൂന്തുറയിൽ, സെക്രട്ടറി ജോണിക്കുട്ടി പിള്ളവീട്ടിൽ, ട്രഷറർ ഷിബു മുളയാനിക്കുന്നേൽ എന്നിവർ ക്രമീകരണങ്ങൾക്കു നേതൃത്വം വഹിക്കുന്നു. ഫോമ പ്രസിഡന്റ് ബെന്നി വാച്ചാച്ചിറ, മുൻ കെ.സി.സി.എൻ. എ പ്രസിഡന്റുമാരായ ജോസ് കണിയാലി, ജോണി പുത്തൻപറമ്പിൽ, കെ.സി.എസ്.എസ് ഷിക്കാഗോ, കുര്യൻ നെല്ലാമറ്റം, മാത്യു കുളങ്ങര, മാത്യു ഇടിയാലിൽ, സണ്ണി ജോസ്, നിണൽ മുൺപ്ലാക്കിൽ, ജോസ് തട്ടാറേട്ട എന്നിവരും സമ്മർഫെസ്റ്റിൽ പങ്കാളികളാകും.

# ക്നാനായ റീജിയൺ പ്രീ മാര്യേജ് കോഴ്സ് നടന്നു



**ബിനോയ് കിഴക്കനടി**

*ഷിക്കാഗോ:* ക്നാനായ റീജിയന്റെ നേതൃത്വത്തിൽ ഡാളസ് ക്രിസ്തുരാജാ ക്നാനായ ദൈവാലയത്തിൽ ജൂലൈ 14 മുതൽ ത്രിദിന പ്രീ മാര്യേജ് കോഴ്സ് നടന്നു.

വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി 15 യുവജനങ്ങൾ പങ്കെടുത്തു. വിവാഹിതരാകുവാൻ പോകുന്ന യുവതി യുവാക്കൾ അറിഞ്ഞിരിക്കേണ്ട വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ചർച്ചകളും സെമിനാറുകളും നടന്നു. ക്നാനായ റീജിയനിലെ ഫാമിലി കമ്മീഷനാണ് ഈ കോഴ്സിന് നേതൃത്വം നൽകുന്നത്.

ക്നാനായ റീജിയൻ ഡയറക്ടർ മോൺ. തോമസ് മുളവനാൽ, ഫാ.ജോസ് ചിറപ്പുറത്ത്, ജോണി തെക്കേപ്പറമ്പിൽ, ജയ കുളങ്ങര, ബെന്നി കാഞ്ഞിരപ്പാറ, റെജിമോൻ തൊട്ടിയിൽ, ഡോ.ജിജാ തോമസ്, ടോണി പുല്ലാപ്പള്ളി എന്നിവർ ക്ലാസെടുത്തു.

അമേരിക്കയിലോ, നാട്ടിലോ വിവാഹിതരാകുവാൻ ഉദ്ദേശിക്കുന്ന മുഴുവൻ കത്തോലിക്കാ യുവജനങ്ങളും ഈ കോഴ്സുകളിൽ പങ്കെടുത്ത് സർട്ടിഫിക്കേറ്റ് കരസ്ഥമാക്കിയിരിക്കണമെന്ന് റീജണൽ ഡയറക്ടർ അറിയിച്ചു. അടുത്ത പ്രീ മാര്യേജ് കോഴ്സ് ഒക്ടോബർ 20 മുതൽ 22 വരെ ഷിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫെറോനാ ദേവാലയത്തിൽ വെച്ച് നടത്തുന്നതാണ്. പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നവർ 630 205 5078 എന്ന നമ്പരിൽ രജിസ്റ്റർ ചെയ്യാം.

# മതബോധന സമ്മർ ക്യാമ്പ് സമാപിച്ചു



*ഷിക്കാഗോ:* മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കാത്തലിക് ദേവാലയത്തിൽ മതബോധന സ്കൂൾ കുട്ടികൾക്കായുള്ള മൂന്നുദിവസം നീണ്ടുനിന്ന സമ്മർക്യാമ്പ് സമാപിച്ചു. 140 കുട്ടികൾ പങ്കെടുത്തു.

ബൈബിൾ പ്രാർത്ഥന, ദൈവവിളി, ലീഡർഷിപ്പ്, അച്ചടക്കം, സോഷ്യൽ മീഡിയ, കൂദാശകൾ, ക്നാനായ ചരിത്രം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ക്ലാസുകൾ നടന്നു. ഫാ. തോമസ് മുളവനാൽ, ഫാ.ബോബൻ വട്ടംപുറത്ത്, സി.ജോവാൻ, ജയിൻ മാക്കീൽ, നീൽ എടാട്ട്, ജെസി മൈക്കിൾ തൊട്ടിച്ചിറയിൽ, ടോണി പുല്ലാപ്പള്ളി, സിറിൾ മാളിയേക്കത്തറ, ജോണി തെക്കേപറമ്പിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. എല്ലാ ദിവസവും ഇൻഡോർ, ഔട്ട്ഡോർ ഗെയിമുകളും ബൈബിൾ ക്നാനായ ആചാരങ്ങളേയും ആസ്പദമാക്കി സ്റ്റേജ് ഷോകളും ബൈബിൾ മത്സരങ്ങളും നടന്നു.

ഗ്രൂപ്പ് തിരിച്ചുള്ള കലാപരിപാടികൾക്കും ഗെയിമുകൾക്കും അലക്സ് ചക്കാലയ്ക്കൽ, സിറിൾ വെള്ളിയാൻ, റ്റോബി കൈതക്കത്തൊട്ടിയിൽ, ഹെലീന തട്ടാമറ്റം എന്നിവർ ഗ്രൂപ്പ് ലീഡർമാരായിരുന്നു. ഷിക്കാഗോ സെന്റ് തോമസ് രൂപത സഹായമെത്രാൻ മാർ ജോയ് ആലപ്പാട്ട്, ഷിക്കാഗോ കെ.സി.എസ്. പ്രസിഡന്റ് ബിനു പൂത്തുറയിൽ, ഫാ.ഷിജു എന്നിവർ ക്യാമ്പ് സന്ദർശിച്ചു. പരിപാടികൾക്ക് ക്യാമ്പ് ഡയറക്ടർമാരായ സജി പുതുക്കയിൽ, ബിനു ഇടകര എന്നിവർ നേതൃത്വം നൽകി.



ഷിക്കാഗോ കെ.സി.എസ് വാർഡു തല കൂട്ടായ്മയിൽനിന്നും

# നിര്യാതരായി

## അഡ്വ. മാതാദാസ്



*ഷിക്കാഗോ:* സേക്രട്ട് ഹാർട്ട് ക്നാനായ കത്തോലിക്ക ഇടവകാംഗം അഡ്വ.മാതാദാസ് ഒറ്റതൈക്കൽ(48) ജൂലൈ 22ന് ചിക്കാഗോയിൽ നിര്യാതനായി.

ചിങ്ങവനം ഒറ്റതൈക്കൽ പരേതനായ മാർക്കോസ് തരകന്റെയും തമ്മയുടെയും മകനാണ്. ഭാര്യ ജെനിമോൾ. മക്കൾ: എലൈൻ, മാർക്ക്, ജേക്കബ്. സഹോദരങ്ങൾ:സത്യദാസ് (കെനിയ), യേശുദാസ് (ലൈബീരിയ), ദാസ് പ്രകാശ് (കെനിയ)

ഷിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റി ലെജിസ്ലേറ്റീവ് ലെയ്സൺ ബോർഡ് അംഗമായി പ്രവർത്തിച്ചിട്ടുണ്ട്.

സംസ്കാരം ജൂലൈ 31ന് സേക്രട്ട് ഹാർട്ട് ദേവാലയത്തിൽ ശുശ്രൂഷകൾക്കുശേഷം ഹിൽ സൈഡ് ക്വീൻ ഓഫ് ഹെവൻ സെമിത്തേരിയിൽ നടന്നു.

വാർത്ത നൽകിയത് ജിമ്മി കണിയാലി.

## വർഗീസ് മാളിയേക്കൽ



*ഷിക്കാഗോ:* തൃശൂർ മാളിയേക്കൽ പരേതനായ ചാക്കോ മേരി ദമ്പതികളുടെ മകൻ വർഗീസ് മാളിയേക്കൽ (ജോൺസൺ- 64) നിര്യാതനായി.

ഭാര്യ: അക്കാമ്മ (ലിസി), മക്കൾ: മേരി കുര്യാക്കോസ് (ലിൻഡ), ഷീല, ലിയോണ, ലിനറ്റ്. മരുമകൻ: സാജൻ കുര്യാക്കോസ്.

സംസ്കാരം ജൂലൈ 25ന് സെന്റ് കാതറിൻ ലാബ്രേ കാത്തലിക് ചർച്ചിലെ ശുശ്രൂഷയെ തുടർന്ന് മേരിഹിൽ കാത്തലിക് സെമിത്തേരിയിൽ നടന്നു.

## കുര്യൻ ടി. സ്കറിയ



*ഫിലാഡൽഫിയ:* നിലമ്പൂർ ചുങ്കത്തറ തേക്കുംപ്ലാക്കൽ പരേതനായ കുര്യൻ പി. സ്കറിയുടെയും മറിയാമ്മയുടെയും മകൻ കുര്യൻ ടി. സ്കറിയ (ബേബി 68) പെൻസിൽവാനിയായിലെ ലാങ്ഹോണിൽ നിര്യാതനായി.

ഭാര്യ മറിയാമ്മ സ്കറിയ. മക്കൾ: ലെനോ ടി. സ്കറിയ, ലിഷ എസ്. തോമസ്. മരുമക്കൾ: ടിന്റു സ്കറിയ, ആൽവിൻ തോമസ്,

സംസ്കാരം ജൂലൈ 24ന് സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിലെ ശുശ്രൂഷയെ തുടർന്ന് റിസറക്ഷൻ സെമിത്തേരിയിൽ നടന്നു.

വാർത്ത നൽകിയത് സുമോദ് നെല്ലിക്കാല.

## ദാനിയേൽ പി. മാത്യൂസ്



*മസാച്യുസെറ്റ്സ്:* റാന്നി പുല്ലാനിമണ്ണിൽ രാജു പി. മാത്യൂവിന്റെയും മേഴ്സിയുടെയും മകൻ ദാനിയേൽ പി. മാത്യൂസ് (36) നിര്യാതനായി.

കുടുംബാംഗങ്ങളുമൊത്ത് നോർത്ത് ഹാംപ്ഷെയറിൽ അവധിക്കാലം ചിലവഴിക്കുന്നതിനിടെയുണ്ടായ അപകടത്തിലാണ് ദാനിയേൽ മരിച്ചത്.

തോമസ് പി.മാത്യൂസ് (നോർത്ത് ബോറോ), ജേക്കബ് പി.മാത്യൂസ് (ലോസ് ആഞ്ചലസ്) എന്നിവർ സഹോദരങ്ങളാണ്.

സംസ്കാരം ജൂലൈ 22ന് ഹൊവാർഡ് സ്ട്രീറ്റിലുള്ള സെമിത്തേരിയിൽ നടന്നു.

അനുശോചനത്തിന് രാജു പി. മാത്യൂസ് 508 330 4399

## ഡോ. ജോൺ കെ. ജോൺ

*ഹൂസ്റ്റൺ:* റാന്നി കളമ്പാല കൂടത്തിനാലിൽ ഡോ.ജോൺ കെ.ജോൺ (67) ഡൽഹിയിൽ നിര്യാതനായി. സംസ്കാരം 15 ചൊവ്വാഴ്ച ഡെറാഡൂൺ ന്യൂ തിയോളജിക്കൽ കോളജിൽ. ഭാര്യ ഏലിയാമ്മ റാന്നി വറാച്ചമൂട്ടിൽ കുടുംബാംഗമാണ്. മക്കൾ ജോഷ്വാ, ഷാരൺ. മരുമക്കൾ ആഷാ ജോൺ, ജോനഥാൻ ഏബ്രഹാം,

ആതുരസേവനരംഗത്തും കൗൺസിലിംഗ് രംഗത്തും പ്രവർത്തിച്ചുവരികയായിരുന്നു. വാർത്ത നൽകിയത് ബെന്നി പരിമണം.

# മലയാളി അസോസിയേഷൻ ഷിക്കാഗോയുടെ ബാസ്കറ്റ് ബോൾ വിജയികൾ



*ഷിക്കാഗോ:* മലയാളി അസോസിയേഷൻ ഷിക്കാഗോയുടെ ആഭിമുഖ്യത്തിൽ നടത്തിയ ബാസ്കറ്റ് ബോൾ ടൂർണമെന്റിൽ കോളജ് വിഭാഗത്തിൽ ബിഗ് ബോളേഴ്സ് ബ്രാൻഡും ഹൈസ്കൂൾ വിഭാഗത്തിൽ നോമേഴ്സിയും വിജയികളായി. മൗണ്ട് പ്രോസ്പെക്ടറിലുള്ള റെക് പ്ലെക്സ് പാർക്ക് ഡിസ്ട്രിക്ടിൽ പ്രസിഡന്റ് രഞ്ജൻ ഏബ്രഹാം ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. 14 ടീമുകൾ പങ്കെടുത്തു.

കോളജ് വിഭാഗം ഫൈനൽ മത്സരത്തിൽ റോഷൻ മുരിങ്ങോത്തു നയിച്ച ബിഗ് ബോളർ ബ്രാനഡ് അവസാന നിമിഷത്തിലാണ് എബ് അലക്സാണ്ടർ നയിച്ച എസ്.എം.ഡിയെ പരാജയപ്പെടുത്തിയത്. കെവിൻ ഏബ്രഹാം മണപ്പിൽ, സ്യേവർ മണപ്പള്ളിൽ, സിറിൾ ഫിലിപ്പ്, എബിൻ സാം, കെവിൻ കളപ്പുരയിൽ, സിറിൾ മാത്യു തുടങ്ങിയവരാണ് വിജയിച്ച ടീമിലുണ്ടായിരുന്നത്.

വിജയികൾക്ക് അഗസ്റ്റിൻ കരിംകുറ്റിയിൽ സ്പോൺസർ ചെയ്ത എവർ റോളിംഗ് ട്രോഫിയും കാഷ് അവാർഡും ലഭിച്ചു. രണ്ടാം സ്ഥാനം ലഭിച്ചവർക്ക് എവർറോളിംഗ് ട്രോഫിയും ടോം സണ്ണി സ്പോൺസർ ചെയ്ത കാഷ് അവാർഡും നൽകി.

ഹൈസ്കൂൾ വിഭാഗത്തിൽ നടന്ന പോരാട്ടത്തിൽ നോമേഴ്സി ടീം ഷിജിൽ പാലക്കാട്ട് നയിച്ച വൂൾഫ് പാക്ക് ടീമിനെ പരാജയപ്പെടുത്തി. സിറിൾ മാത്യു, മാക്സ് തച്ചേട്ട്, എബ്രഹാം മണപ്പള്ളിൽ, മെൽവിൻ സുനിൽ, ക്രിസ് തോമസ്, ലിബിൻ ഫിലിപ്പ് എന്നിവരാണ് വിജയിച്ച ടീമിലുള്ളവർ. വിജയികൾക്ക് വിനു മാമ്മൂട്ടിൽ സ്പോൺസർ ചെയ്ത എവർ റോളിംഗ് ട്രോഫിയും കാഷ് അവാർഡും ലഭിച്ചു. രണ്ടാം സ്ഥാനം ലഭിച്ചവർക്ക് ജോസ് സൈമൺ മുണ്ടുപ്ലാക്കിൽ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും ഷിബു മുളയാനിക്കുന്നേൽ സ്പോൺസർ ചെയ്ത കാഷ് അവാർഡും ലഭിച്ചു.

# എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് സെപ്റ്റംബർ 2ന്

**മാർട്ടിൻ വിലങ്ങോട്ടിൽ**

*ഡാളസ്:* നടുപ്പറമ്പിൽ എൻ.കെ.ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് സെപ്റ്റംബർ 2ന് ഡാളസിൽ നടക്കും.

ടൂർണമെന്റിന്റെ കിക്കോഫ് നടന്നു. ട്രസ്റ്റ് മെമ്പർ പയസ്റ്റിൻ ജോൺ, അംഗങ്ങൾ, പ്രതിനിധികൾ, ഡാളസ് സ്ട്രെക്കേഴ്സ് എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

ബിജു തോമസ് (ലോസൺ ട്രാവൽസ് സി.ഇ.ഒ), ആണ് ടൂർണമെന്റ് ഗ്രാന്റ് സ്പോൺസർ. ഡി.എം.എ, എൻ.എസ്.എസ്, കെസിസി തുടങ്ങിയ വിവിധ മലയാളി സംഘടനകളുടെ സഹകരണവും ടൂർണമെന്റിനുണ്ട്. ഡാളസിലേക്ക് കായികപ്രേമികളെ സ്വാഗതം ചെയ്യുന്നതായി സുനിൽ വർഗീസ് അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്

ഷിജു ഫിലിപ്പ് (214 603 35 153, ജിനു കുടിലിൽ (347 241 2032), തങ്കച്ചൻ ജോസഫ് (972 746 3435), സേവ്യർ ഫിലിപ്പ് (214 629 7355), സുനിൽ വർഗീസ് (214 543 7556).





# PRESIDENT PRANAB MUKHERJEE'S FAREWELL SPEECH

Honourable Members,

I would like to acknowledge my deep gratitude and appreciation to Honourable Speaker and the Honourable Chairman, Rajya Sabha and Honourable Members of Parliament for organizing this farewell ceremony on the eve of my demitting office as the 13th President of the Republic of India.

Honourable Members, if I say I am a creation of this Parliament. It shaped by political outlook and persona. Bear with me if I feel nostalgic and indulge myself by going back to the past. On 26th January 1950, the Constitution of India came into effect. In a remarkable display of idealism and courage, we the people of India gave to ourselves a sovereign democratic republic to secure to all its citizens justice, liberty and equality. We undertook to promote amongst all citizens fraternity, the dignity of the individual and the unity of the nation. These ideals became the lodestars of the modern Indian state. The Indian Constitution consisting of 395 Articles and 12 Schedules is not merely a legal document for administration but the Magna Carta of socio-economic transformation of the country. It represents the hopes and aspirations of the billion plus Indians.

Sixty eight years ago, after the first general election, the Indian Parliament began its journey representing the sovereign will of its people. Both the Houses were constituted, the first President of the Republic was elected who addressed the first Joint Session of the Parliament and the Indian Parliamentary system rolled out.

Hon'ble Members:

When I first entered the portals of this hallowed institution 48 years ago, I was only 34 years old. In July 1969, I came to this Parliament as a member of Rajya Sabha representing one of the six seats from the State of West Bengal. My election to Rajya Sabha took place on 4th July and the first session I attended began on July 22nd, 1969.

Hon'ble Members, since then, for 37 years I served as a Member of Lok Sabha and Rajya Sabha. Of these, I served five terms as a Member of the Rajya Sabha, elected for four terms from West Bengal and one term from Gujarat, and two terms in the Lok Sabha. My long career has been instructive and educative. I entered Parliament at a time when the Rajya Sabha was full of experienced Parliamentarians and leaders of the freedom movement, many of whom were brilliant speakers: M.C. Chagla, Ajit Prasad Jain, Jairamdas Daulatram, Bhupesh Gupta, Joachim Alva, Mahavir Tyagi, Raj Narain, Bhai Mahavir, Loknath Misra, Chitta Basu and many more. In fact, Bhupesh Gupta was truly a legend in the Rajya Sabha. Dahyabhai Patel and Maniben Patel, Sardar Vallabhbhai Patel's son and daughter, represented Swatantra Party in the Parliament. My years in Parliament were further enriched by the wisdom of P.V. Narasimha Rao, oration of Atal Bihari Vajpayee, cryptic one-liners of Madhu Limaye and Dr. Nath Pai, wit and humour of Piloo Modi, poetic discourses of Hiren Mukherjee, razor sharp repartee of Indrajit Gupta, calming presence of Dr. Manmohan Singh, mature advice of L.K. Advani and passionate support of Sonia Gandhi on social legislations.

.My career as a Parliamentarian was no doubt mentored by Shrimati Indira Gandhi. Her steely determination, clarity of thought and decisive actions made her a towering personality. She never hesitated to call a spade a spade. I remember after the defeat of Congress in the post-Emergency election, we had gone to London in November, 1978. A large number of media persons in a fairly aggressive mood were waiting to ask Shrimati Gandhi questions. The first question that was flung at her was, "What have been your gains from the Emergency?" Looking at the journalist squarely in the eye, in a level voice, Indira Gandhi replied, "In those 21 months, we comprehensively managed to alienate all sections of Indian people." Big silence followed by loud laughter! Not one question was asked after that and the media persons just melted away. And I also learnt an early lesson of acknowledging my mistakes and rectifying them. Self-correction in such situations is always a better option than self-justification.

Hon'ble Members, in those days, both the Houses of the Parliament used to reverberate with animated discussions and illuminative and exhaustive debates on social and financial legislations. Listening to the stalwarts for hours and days in Parliament sitting in the Treasury or Opposition Benches, I felt one with the soul of this living institution. I understood the real value of debate, discussion and dissent. I realized how disruption hurts the opposition more than the government as it denies them the opportunity to raise the concerns of the people. I internalized the essence of what Pandit Jawaharlal Nehru had said (and I quote): "There has always to be balancing of change and continuity. The system of parliamentary democracy embodies these principles of change and continuity. And it is up to those who function in this system, members of the House and the numerous others who are part of this system, to increase the pace of change, to make it as fast as they like, subject to the principle of continuity. If continuity is broken, we become rootless and the system of parliamentary democracy breaks down" (unquote). I experienced the joy of the enactment of pro-poor and pro-farmer legislations. The recent passage of Goods and Services Tax and its launch on 1st July is a shining example of cooperative federalism and speaks volumes for the maturity of Indian Parliament. To be a part of this system is a unique experience and I am grateful to the people of this great country for giving me that opportunity.

I had the privilege of being a witness and a participant in the unfolding scenario of emergence of a great India. An India where 130 crore people belonging to three major ethnic groups - Aryans, Dravidians and Mongoloids - practicing 7 major religions and speaking 122 languages in daily lives live under one Constitution, one flag and one administrative system.

Hon'ble Members, not a single part of this vast territory of 3.3 million square kilometers of landmass and islands is unrepresented in the Parliament. 543 persons from the 543 territorial constituencies of this country representing the people in Lok Sabha and 245 persons elected by 29 States and 7 Union Territories make laws, scrutinize orders of the executive and enforce accountability to protect the interests of the people. Each of these 788 voices is important. It is unfortunate that the parliamentary time devoted to legislation has been declining. With the heightened complexity of administration, legislation must be preceded by scrutiny and adequate discussion. Scrutiny in committees is no substitute to open discussion on the floor of the House. When the Parliament fails to discharge its law-making role or enacts laws without discussion, I feel it breaches the trust reposed in it by the people of this great country.

Through the instrument of Ordinances, the Executive has been vested with extraordinary powers to make laws to meet exigencies during a time when Parliament is not in session. However, such Ordinances have to be approved by Parliament within six weeks of the next session of the Parliament.

I am firm in the opinion that the Ordinance route should be used only in compelling circumstances and there should be no recourse to Ordinances on monetary matters. Ordinance route should not be taken on matters which are being considered or have been introduced in the House or a committee of the House. If a matter is deemed urgent, the concerned committee should be made aware of the situation and should be mandated to present its report within the stipulated time.

Hon'ble Members:

It was in July 2012 that my membership in Lok Sabha came to an end when I was declare elected as the 13th President of the Republic on 22nd of that month. Even though thirty-seven years of my life in Parliament came to an end on that day but I still continued to have a tenacious link with this institution, in fact I became an integral part of it, as the President of Republic, as per the Constitution. Article 79 of the Indian Constitution says: "There shall be a Parliament for the Union which shall consist of the President and two Houses to be known respectively as the Council of States and the House of the People." In these five years, my principal responsibility was to function as the guardian of the Constitution. As I had said on oath, I strived to preserve, protect and defend our Constitution, not just in word but also in spirit. In this task, I greatly benefitted from the advice and co-operation extended by Prime Minister Modi at every step. With passion and energy, he is driving transformational changes in the country. I will carry with me fond memories of our association and his warm and courteous behaviour.

As I retire from the Office of the President of the Republic, my association with the Parliament also comes to an end. I will no longer be a part of the Parliament of India. It will be with a tinge of sadness and a rainbow of memories that I will be leaving this magnificent building today.

Dear friends, with a sense of gratitude and a prayer in my heart, I take leave of you. I leave with a sense of fulfilment and happiness of having served the people of this great country through this institution- as their humble servant.

Thank you, Jai Hind!



# അടൂരിന്റെ സർഗ്ഗയാത്രകൾ

മധു ഇറവങ്കര



മലയാള സിനിമയുടെ പേരും പെരുമയും നന്മയും ലോകസിനിമാവേദിയിലെത്തിച്ച വിശ്വോത്തര ചലച്ചിത്രകാരനാണ് അടൂർ ഗോപാലകൃഷ്ണൻ. നല്ല സിനിമയുടെ പാതയിലൂടെ മാത്രം നടന്ന് കേരളത്തനിമയെയും ചായക്കൂട്ടില്ലാത്ത മനുഷ്യരെയും അഭ്രപാളികളിലവതരിപ്പിച്ച് സിനിമയെന്ന മാധ്യമത്തിന്റെ ശക്തിസൗന്ദര്യങ്ങൾ പ്രേക്ഷകനെ അനുഭവിപ്പിച്ച അപൂർവ്വം സംവിധായകരുടെ നിരയിൽ പ്രഥമസ്ഥാനം അദ്ദേഹത്തിനു തന്നെ. ‘സ്വയംവരം’ മുതൽ ‘പിന്നെ യും’ വരെയുള്ള ക്ലാസിക് ചിത്രങ്ങളിലൂടെ വ്യത്യസ്തമായ ആഖ്യാനമേഖലകളും, ജീവിതപരിസരങ്ങളും അവതരിപ്പിച്ച അദ്ദേഹത്തിന് സിനിമ ജീവിതവും ജീവിതം സിനിമയും ആയിരുന്നു.

1965ൽ പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സംവിധാനത്തിൽ ഡിപ്ലോമാ നേടിയ അടൂർ ഗോപാലകൃഷ്ണൻ തന്റെ ചലച്ചിത്രജീവിതത്തിന്റെ ആദ്യ ആറു വർഷങ്ങൾ ഫിലിം സൊസൈറ്റി പ്രവർത്തനങ്ങളിലൂടെ നല്ല സിനിമയുടെ സന്ദേശവാഹകനായിത്തീരുകയായിരുന്നു. ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ അവസാനവർഷ വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ തന്റെ സഹപാഠികളെയും സ്നേഹിതരെയും കൂടെക്കൂട്ടി ‘ചിത്രലേഖാ ഫിലിം യൂണിറ്റ്’ എന്നൊരു സംഘടന അദ്ദേഹം രൂപീകരിച്ചിരുന്നു. ചലച്ചിത്രസാഹിത്യരചനകൾ പ്രസിദ്ധീകരിക്കുക, ഫിലിം സൊസൈറ്റികൾ രൂപീകരിക്കുക, ചലച്ചിത്ര നിർമ്മാണവും വിതരണവും നടത്തുക എന്നീ ത്രിമുഖ ലക്ഷ്യങ്ങളായിരുന്നു ഫിലിം യൂണിറ്റിന്. 1965ൽ തിരുവനന്തപുരം ആസ്ഥാനമാക്കി രാജ്യത്ത് ആദ്യമായി ‘ചിത്രലേഖാ ഫിലിം കോ-ഓപ്പറേറ്റീവ്’ എന്ന പേരിൽ ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്തു. 1965 ജൂലൈയിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ‘ചിത്രലേഖ’ ഫിലിം സൊസൈറ്റിയും പ്രവർത്തനമാരംഭിച്ചു. മൂന്നു സംഘങ്ങളുടെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളിലൂടെ പുതിയൊരു ചലച്ചിത്ര നിർമ്മാണ-ആസ്വാദന ശൈലിയ്ക്കു തുടക്കമിടുകയായിരുന്നു അടൂർ ഗോപാലകൃഷ്ണൻ.

ചിത്രലേഖാ ‘ഫിലിം കോ-ഓപ്പറേറ്റീവ്’ സർക്കാർ വകുപ്പുകൾക്കു വേണ്ടി ഡോക്കുമെന്ററി നിർമ്മാണത്തിലേർപ്പെട്ടു. പ്രതിഫലമായി കിട്ടിയ തുക മുഴുവൻ ‘ചിത്രലേഖ’യിൽ ഉപകരണങ്ങൾ വാങ്ങാനായി ചെലവഴിച്ചു. ‘ചിത്രലേഖ’യുടെ ബാനറിൽ അടൂർ ഗോപാലകൃഷ്ണൻ ആദ്യകഥാചിത്രസംരംഭമായിരുന്നു ‘കാമുകി’. എന്നാൽ നിർമ്മാണത്തിലുണ്ടായ സാമ്പത്തിക പ്രതിസന്ധികാരണം ചിത്രം പൂർത്തിയാക്കാനായില്ല. കേന്ദ്രസർക്കാർ സ്ഥാപനമായ ഫിലിം ഫൈനാൻസ് കോർപ്പറേഷൻ പുതിയ സിനിമാസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അക്കാലത്തു ധനസഹായം നൽകിവന്നിരുന്നു. സ്വയംവരത്തിന്റെ തിരക്കഥ ഫിലിം ഫൈനാൻസ് കോർപ്പറേഷൻ അംഗീകരിക്കുകയും മൊത്തം രണ്ടരലക്ഷം രൂപയുടെ ബജറ്റിൽ ഒന്നരലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ‘ചിത്രലേഖ’ കുടുംബാസൂത്രണവകുപ്പിനു വേണ്ടി നിർമ്മിച്ച ചിത്രത്തിൽനിന്നും മറ്റു ഡോക്കുമെന്ററികളിൽ നിന്നുള്ള വരുമാനവുമൊക്കെയായി ബാക്കി തുക സ്വരൂപിച്ചു. അങ്ങനെ മലയാള സിനിമയ്ക്കു പുതിയ മുഖം നൽകാൻ നിമിത്തമായ ‘സ്വയംവര’ത്തിന്റെ നിർമ്മാണമാരംഭിച്ചു. തിരുവനന്തപുരത്തും പരിസരപ്രദേശങ്ങളിലുമായി ചിത്രത്തിന്റെ ഷൂട്ടിംഗ് ജോലികൾ പൂർത്തിയാക്കി.

1972ൽ തന്നെ ‘സ്വയംവരം’ റിലീസ് ചെയ്തു. പക്ഷേ, മലയാളി പ്രേക്ഷകർ ചിത്രത്തെ കൈവിട്ടു. പാട്ടും നൃത്തവും ഇല്ലാതിരുന്നതും ഹാസ്യതാരങ്ങളുടെ അഭാവവും പ്രേക്ഷകർക്കംഗീകരിക്കാനായില്ല. സംസ്ഥാന ചലച്ചിത്ര പുരസ്കാര നിർണ്ണയസമിതിക്കും ചിത്രം സ്വീകാര്യമായില്ല. എന്നാൽ ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചപ്പോൾ മികച്ച ചിത്രത്തിനുള്ള സ്വർണ്ണമെഡൽ, മികച്ച സംവിധായകൻ, മികച്ച ഛായാഗ്രാഹകൻ, മികച്ച നടിയ്ക്കുള്ള ഉർവ്വശിപ്പട്ടം എന്നിവയുമായി അഖിലേന്ത്യതലത്തിൽതന്നെ ചിത്രം ഒന്നാമതായെത്തി. ദേശീയ പുരസ്കാരനിറവിൽ ‘സ്വയംവരം’ വീണ്ടും റിലീസു ചെയ്തപ്പോൾ അതു നൂറുമേനി വിളവു നൽകി. ഒരുമാസത്തിനുള്ളിൽ ഫിലിം ഫൈനാൻസ് കോർപ്പറേഷന്റെ കടം വീട്ടാനായി. സ്വയംവരത്തിന്റെ ലാഭമുപയോഗിച്ച് ‘ചിത്രലേഖ’യ്ക്ക് സ്വന്തം സ്റ്റുഡിയോ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും കഴിഞ്ഞു.

‘സ്വയംവരം’ സ്വന്തം തിരഞ്ഞെടുപ്പുകളുടെ കഥയാണ്. വളരെ സാധാരണമായ ഒരു കഥ അതു പറഞ്ഞ രീതികൊണ്ടും മാധ്യമത്തിന്റെ സമർത്ഥമായ പ്രയോഗം കൊണ്ടും വേറിട്ടതായി. ഒട്ടും അതിശയോക്തിയോ അതിഭാവുകത്വമോ ഇല്ലാതെ ജീവിതത്തെ അതിന്റെ എല്ലാ തനിമയോടെയും ചിത്രം അവതരിപ്പിച്ചു. നിയോ റിയലിസ്റ്റു പാത പിൻതുടർന്ന ‘സ്വയംവരം’ അന്നുവരെ മലയാളി പ്രേക്ഷകർക്കു കണ്ടുപരിചയമില്ലാത്ത ഒരു ലോകത്തേയ്ക്ക് അവരെ നയിച്ചു. സിനിമയെന്നാൽ കഥ പറച്ചിലിനു മാത്രമുള്ള ഒരു മാധ്യമമാണെന്ന ധാരണ നിലവിലിരുന്ന കാലത്ത് ധ്വനി സാന്ദ്രമായ ദൃശ്യബിംബങ്ങളിലൂടെ അനുഭൂതിമണ്ഡലത്തിൽ പ്രേക്ഷകനെ എത്തിക്കാനാകുമെന്ന് ‘സ്വയംവരം’ പ്രഖ്യാപിച്ചു. മലയാളസിനിമയിൽ നവതരംഗത്തിനു നാന്ദികുറിക്കുകയും ഈ ചിത്രത്തിന്റെ നിയോഗമായിരുന്നു.

വിശ്വത്തിന്റെയും സീതയുടെയും സംഭവബഹുലമല്ലാത്ത ജീവിതം അതിന്റെ എല്ലാ സാധാരണത്വത്തോടെയും തിരശ്ശീലയിൽ ചലച്ചിത്ര ഭാഷയിലൂടെ അവതരിപ്പിച്ചപ്പോൾ പരമ്പരാഗത കാഴ്ചശീലത്തിൽപ്പെട്ടുപോയ കാണികളുടെ സംവേദനത്തിൽ അതു വിള്ളലുണ്ടാക്കി. ഗാനചിത്രീകരണങ്ങളുടെയും അടുക്കള ഹാസ്യരംഗങ്ങളുടെയും അഭാവവും അവരുടെ ആസ്വാദനരംഗത്തെ കളങ്കപ്പെടുത്തി. യാത്രയും നഗരവും ഗ്രാമവും പച്ചയായ മനുഷ്യരും അവരുടെ കലർപ്പില്ലാത്ത മാനുഷികഭാവങ്ങളും ‘സ്വയംവര’ത്തിന് പുതുമയും ജീവനുമേകി.

നീണ്ട അഞ്ചു വർഷത്തെ ഇടവേളയ്ക്കുശേഷമാണ് ‘കൊടിയേറ്റം’ (1977) പുറത്തുവന്നത്. വീണ്ടും മലയാളിയുടെ കാഴ്ചശീലത്തെ ഞെട്ടിച്ച സിനിമ. സുമുഖനോ സുന്ദരനോ അല്ലാത്ത നായകനടൻ. ഗാനങ്ങളോ പശ്ചാത്തല സംഗീതമോ ഇല്ലാത്ത ചിത്രത്തിൽ സ്വാഭാവിക ശബ്ദപഥങ്ങളിലൂടെ വിരിയുന്ന തനി കേരളീയഗ്രാമം. ആദ്യം കാണികൾ ‘കൊടിയേറ്റം’ കാണാൻ ഒന്നറച്ചുവെങ്കിലും പിന്നീടത് ഒരു പ്രവാഹമായി മാറി. ചിത്രം സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും ചിത്രലേഖയെ കരകയറ്റി.

ഒരു ഉത്സവത്തിന്റെ ഘടനയാണ് ‘കൊടിയേറ്റ’ത്തിന്. ഗ്രാമത്തിലെ സാധാരണക്കാരനായ ശങ്കരൻകുട്ടിയുടെ ജീവിതവും അമ്പലത്തിലെ ഉത്സവത്തിന്റെ ചിട്ടവട്ടങ്ങളുമായി ‘കൊടിയേറ്റം’ ബന്ധപ്പെടുത്തിയിരിക്കുന്നു. ഒരാനപ്പാപ്പാനാകണമെന്ന ശങ്കരൻകുട്ടിയുടെ നിഷ്കളങ്കമായ ആഗ്രഹം അയാളെ ഒടുവിൽ ലോറി ക്ലീനറാക്കുന്നു. മറ്റുള്ളവരുടെ ജീവിതത്തിന്റെ സ്നേഹവായ്പുകളും നന്മനനുപ്പും അയാളെയും ജീവിതത്തിന്റെ കൊടിയേറ്റത്തിലേക്കു നയിക്കുന്നു. ‘ഏറ്റവും ദേശീയമായ സിനിമയാണ് ഏറ്റവും അന്തർദ്ദേശീയമായതും’ എന്ന കുറോസാവാ ചിന്തകൾ അന്വർത്ഥമാകുന്ന ചിത്രമാണ് ‘കൊടിയേറ്റം.’

കറുപ്പിലും വെളുപ്പിലും നിന്ന് വർണ്ണത്തിലേക്ക് ചുവടു വയ്ക്കുന്ന ആദ്യ അടൂർ ചിത്രമാണ് ‘എലിപ്പത്തായം’. തകരുന്ന ഫ്യൂഡൽ വ്യവസ്ഥയുടെ സത്യസന്ധമായ ആവിഷ്കാരത്തിലൂടെ നിഷ്ക്രിയമായ, പ്രതികരണശേഷി നഷ്ടപ്പെട്ട ഒരു തലമുറയുടെ അനിവാര്യമായ അന്ത്യം പ്രവചനസ്വഭാവത്തോടെ ഉദ്ഘോഷിക്കുന്ന ഒരു രാഷ്ട്രീയചിത്രമെന്ന് ‘എലിപ്പത്തായ’ത്തെ വിശേഷിപ്പിക്കാം. എലികളും മനുഷ്യരും തമ്മിലുള്ള പാരസ്പര്യമാണ് ചിത്രത്തിന്റെ കാതൽ. രണ്ടും ജീർണ്ണതയുടെ രൂപകമായി ഇതിൽ പ്രതിക്ഷപ്പെടുന്നു. ‘എലിപ്പത്തായ’ത്തിൽ അകപ്പെട്ട എലിയെ കുളത്തിൽ മുക്കിക്കൊല്ലാൻ കൊണ്ടുപോകുന്ന രംഗങ്ങൾ ആവർത്തിക്കപ്പെടുന്നതുപോലെ ഇതിലെ ഓരോ മനുഷ്യരും സ്വാതന്ത്ര്യത്തിന്റെ ലോകത്തേക്കു സംക്രമിക്കുകയാണ്. ഒടുവിൽ എലിപ്പത്തായത്തിൽ അകപ്പെട്ട എലിയായി ഉണ്ണിക്കുഞ്ഞ് എന്ന കേന്ദ്രകഥാപാത്രവും! ശില്പപൂർണ്ണത അവകാശപ്പെടാവുന്ന ‘എലിപ്പത്തായ’ത്തിന് ലോകത്തിൽ ഏറ്റവും കൂടുതൽ വിമതിക്കപ്പെടുന്ന ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ് ലഭിക്കുകയുണ്ടായി.

തന്റെ ചലച്ചിത്രങ്ങളിൽ അടൂരിന് ഏറ്റവും കൂടുതൽ അപവാദങ്ങളേറ്റു വാങ്ങേണ്ടി വന്ന ചിത്രമാണ് ‘മുഖാമുഖം’ (1984). ഒരു കമ്യൂണിസ്റ്റു വിരുദ്ധ ചിത്രമായി അതിനെ മുദ്രകുത്തി സംവിധായകനെതിരെ വാളോങ്ങുവാനായിരുന്നു സിനിമ കണ്ടവരുടെയും കാണാത്തവരുടെയും കുത്സിതശ്രമം. ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ അപചയത്തെയും നേതൃത്വത്തിന്റെ നിഷ്ക്രിയത്വത്തെയും ഒരു കമ്യൂണിസ്റ്റുകാരന്റെ സഹാനുഭൂതിയോടെ തുറന്നു കാട്ടുകയായിരുന്നു ചിത്രം. വ്യക്തിയും അയാളുടെ പ്രതിഛായയും തമ്മിലുള്ള സംഘട്ടനം ചിത്രത്തിന്റെ പ്രധാന പ്രമേയമായി. ആദർശധീരനായ ഒരു രാഷ്ട്രീയ പ്രവർത്തകന്റെ സാന്നിധ്യത്തേക്കാളേറെ അവന്റെ രക്തസാക്ഷിത്വം ആഗ്രഹിക്കുന്ന പ്രവർത്തകരുടെ മനോനില അപഗ്രഥിച്ച ‘മുഖാമുഖം’ രാഷ്ട്രീയ പ്രമേയം മുഖ്യധാരയിലെത്തുന്ന ഒരു അടൂർ ചിത്രമായി ആസ്വാദകരുടെ മനസ്സിൽ ഇടം നേടി.

‘മുഖാമുഖ’ത്തിന്റെ ആദ്യഭാഗത്ത് ശ്രീധരൻ എന്ന ട്രേഡ്യൂണിയൻ നേതാവിനെ സഖാക്കളുടെയും ആരാധകരുടെയും വിമർശകരുടെയും ശത്രുക്കളുടെയുമൊക്കെ ഓർമ്മയിൽ പുനഃസൃഷ്ടിക്കുന്നു. എന്നാൽ രണ്ടാം പകുതിയിൽ ശ്രീധരൻ മടങ്ങിവരുന്നു. ഒരു രാഷ്ട്രീയ പ്രവർത്തകന്റെ എല്ലാ നന്മകളും നഷ്ടപ്പെട്ട അയാളെ അണികൾ വെറുക്കുന്നു. ശ്രീധരന്റെ രണ്ടാം വരവ് ആളുകൾ കൂട്ടായി കാണുന്നു. ഒരു സ്വപ്നമായി കൂടെന്നുമില്ല. ചരിത്രവും ഓർമ്മകളും യാഥാർത്ഥ്യവും ഭ്രമാത്മതയുമൊക്കെ ഇഴപിരിഞ്ഞു കിടക്കുന്ന ജീവിതംപോലെ സങ്കീർണ്ണമാണ് ‘മുഖാമുഖം’ തുറന്നിട്ട സിനിമാലോകം.

കഥ പറച്ചിലിനെക്കുറിച്ചുള്ള കഥയാണ് ‘അനന്തരം’. ഇതിലെ കേന്ദ്രകഥാപാത്രമായ അജയന്റെ കഥ പറച്ചിലിലൂടെയാണ് ചിത്രം ഇതൾവിരിയുന്നത്. ഓരോ കഥയും അതിൽതന്നെ പൂർണ്ണമെങ്കിലും പരസ്പര പൂരകവുമാണ്. കഥകൾ കൂട്ടിച്ചേരുമ്പോൾ മാത്രമേ അതൊരു യഥാർത്ഥ ജീവിതമാകുന്നുള്ളൂ. ഘടനാപരമായി ഏറെ സങ്കീർണ്ണമാണ് ‘അനന്തര’മെങ്കിലും അതുണർത്തുന്ന വൈകാരികാനുഭൂതികൾ ചെറുതല്ല. യാഥാർത്ഥ്യ വും ഭ്രമാത്മകതയും ഇഴപിരിഞ്ഞു കിടക്കുന്ന ആവിഷ്കാരസങ്കേതം. അജയന്റെ ചേട്ടന്റെ ഭാര്യ സുമ, അയാൾക്കു നളിനിയാകുന്നു! ‘ഒരു വാതിൽ കോട്ട്’ എന്ന യഥാർത്ഥസ്ഥലനാമം ‘പെരുങ്കോട്ട്’ എന്ന അയഥാർത്ഥസ്ഥലമായി മാറുന്നു! ‘അനന്തര’ത്തിന്റെ ഓരോ ഫ്രെയിമിലും ചലച്ചിത്ര പൂർണ്ണതയുടെ നിലാവുദിക്കുന്നു.

മൗലിക തിരക്കഥകളിൽ നിന്നും വിട്ട് ആദ്യമായി അടൂർ ഗോപാലകൃഷ്ണൻ ഒരു സാഹിത്യകൃതിയെ അവലംബിച്ചു സംവിധാനം ചെയ്ത ചിത്രമാണ് ‘മതിലുകൾ’. വൈക്കം മുഹമ്മദ്ബഷീറിന്റെ തിരുവനന്തപുരം സെൻട്രൽ ജീവിതത്തിന്റെ ഒരേട് അക്ഷരങ്ങളിലൂടെ പുനർജ്ജനിച്ചത് ഒരു സംവിധായകന്റെ എല്ലാ സ്വാതന്ത്ര്യത്തോടെയും അഭ്രപാളികളിൽ പകർത്തുകയായിരുന്നു അടൂർ. ബഷീർ കൃതിയുടെ മൗലികതയും മാനവികതയും കൈമോശം വരുത്താതെ അനുവർത്തനത്തിന്റെ ഉദാത്തമേഖലകൾ കീഴടക്കുകയായിരുന്നു ‘മതിലുകൾ’. ബഷീറിന്റെ ‘മതിലിനപ്പുറത്തെ നാരായണി’ സംവിധായകന് ഒരു വെല്ലുവിളിയായിരുന്നു. നാരായണിയുടെ ഭൗതിക സാന്നിദ്ധ്യമില്ലാതെ തന്നെ അവരുടെ വികാരലോലമായ ശബ്ദത്തിലൂടെ പ്രണയത്തിന്റെ ഒരു പ്രപഞ്ചംതന്നെ സൃഷ്ടിക്കുവാൻ സംവിധായകനു കഴിയുന്നു. ബഷീറിന്റെ നോവൽ അവസാനിക്കുന്നത് സെൻട്രൽ ജയിലിനു പുറത്ത് ഒരു റോസാപ്പൂവായി നില്ക്കുന്ന നായക കഥാപാത്രത്തിലാണ്. എന്നാൽ മതിലിനു മുകളിലേക്കുയരുന്ന ചുള്ളിക്കമ്പിൽ അവസാനിക്കാത്ത പ്രതീക്ഷകളുടെ രൂപകം സൃഷ്ടിച്ചുകൊണ്ട് ‘മതിലുകൾ’ ഒരു നൊമ്പരമായി നമ്മിൽ പടർന്നിറങ്ങുക!

സക്കറിയായുടെ ‘ഭാസ്കര പട്ടേലരും എന്റെ ജീവിതവും’

# അമരവാണിയായ രാമായണം

**ജോർജ് തഴക്കര**



ഭാരതഹൃദയത്തിൽ പ്രതിഷ്ഠിതമായ ധർമ്മസങ്കല്പമാണ് ശ്രീരാമൻ. പാപചിന്തയിൽനിന്നും മുക്തനായ കവർച്ചക്കാരൻ തന്റെ പാപമോചനത്തിനുള്ള വഴി കണ്ടെത്തുന്നതോടുകൂടിയാണ് രാമായണം മഹാകാവ്യം രൂപപ്പെടുന്നത്. രാത്രി മായണം. വെളിച്ചം ഉണ്ടാകണം. ഉൾവെളിച്ചത്തിലൂടെ മാത്രമെ സദ്ഗതി കൈവരിക്കാനാവൂ.

മകൻ, ശിഷ്യൻ, ഭർത്താവ് തുടങ്ങിയ ജീവിതാവസ്ഥകളിൽ ഒരാൾക്ക് എങ്ങനെ മാതൃകയായി ജീവിക്കാൻ കഴിയും എന്നാണ് ശ്രീരാമനിലൂടെ വാല്മീകി കാണിച്ചുതരുന്നത്. വാല്മീകിയുടെ ശ്രീരാമൻ പൂർണ്ണമനുഷ്യനാണ്. പ്രതിസന്ധികളിലൂടെ കടന്നുപോകേണ്ടിവരുന്ന ഓരോ വ്യക്തിയ്ക്കും ശ്രീരാമൻ മാതൃകയാണ്.

പിതാവിനു സത്യലംഘനം സംഭവിക്കാതിരിക്കാൻ അയോധ്യ വിട്ടുപോകുന്ന ശ്രീരാമൻ പിതൃഭക്തിയുടെ പ്രതീകമാണ്. വിശ്വാമിത്രന്റെ പരിചരണത്തിലൂടെ ഒരു ശിഷ്യൻ എങ്ങനെയായിരിക്കണം എന്നു കാട്ടിത്തരുന്നു. അപകടാവസ്ഥ മനസ്സിലാക്കിയിട്ടും സീതാദേവിയുടെ അപേക്ഷയനുസരിച്ച് പൊന്മാനിന്റെ പിന്നാലെ പോകുന്ന ശ്രീരാമൻ ഭർത്തൃധർമ്മത്തിന്റെ നിദർശനമാണ്. പാപത്തെയും അതിക്രമത്തെയും ഇല്ലായ്മ ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് ബാലിവധവും രാവണനിഗ്രഹവും നടപ്പിലാക്കുന്നത്. സീതാദേവി സംശുദ്ധയാണെന്നറിയാമെങ്കിലും തന്നെ വിശ്വസിക്കുന്നവരെ വിശ്വസിപ്പിക്കുന്നതിനായിട്ടാണ് സീതാദേവിക്ക് അഗ്നിപ്രവേശനത്തിനുള്ള അനുമതി നൽകുന്നത്. നീതിബോധമുള്ള സീതാദേവി തന്നെയാണ് അക്കാലത്തു നിലനിന്നിരുന്ന ശിക്ഷ സ്വയം സ്വീകരിക്കാൻ തയ്യാറാകുന്നത്. ശ്രീരാമന്റെ അനുവാദം മൗനമായിരുന്നു.

വാല്മീകി രാമായണത്തിൽനിന്നും അദ്ധ്യാത്മിക രാമായണത്തിലെത്തുമ്പോഴേക്കും അയോധ്യയിലെ പൂർണ്ണമനുഷ്യനായ ശ്രീരാമൻ ദൈവതുല്യനായി പരിവർത്തനപ്പെടുന്നു. കാലത്തിന്റെ വരദാനമാണ് ശ്രീരാമൻ. രമ്യതയുടെ സന്ദേശം അതിലടങ്ങിയിരിക്കുന്നു. അങ്ങനെയാണ് എഴുത്തച്ഛന്റെ ശ്രീരാമൻ വിഷ്ണുവിന്റെ അവതാരമായി പ്രതിഷ്ഠിക്കപ്പെടുന്നത്.

മുക്തി, സിദ്ധി, മൈത്രി, ശത്രുവിനാശം, ആരോഗ്യവർദ്ധനം, സംയമനം, മനഃശുദ്ധി എന്നീ ഗുണങ്ങൾ രാമായണ പാരായണത്തിലൂടെ സിദ്ധമാകുന്നു. മലയാളിയുടെ വൈകാരികതയാണ് എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം. അതുകൊണ്ടുതന്നെയാണ് അദ്ദേഹം ഭാഷാപിതാവാകുന്നതും അദ്ധ്യാത്മരാമായണം അമരവാണിയാകുന്നതും.

## ആഗസ്റ്റ് ദിനങ്ങൾ

01 – മുലയൂട്ടൽ അവകാശദിനം
03– അന്തർദേശീയ സൗഹൃദ ദിനം
06– ആണവായുധ വിരുദ്ധദിനം
ജന്തുജന്യരോഗനിവാരണദിനം
09– ക്വിറ്റ് ഇന്ത്യാ ദിനം
ലോക ആവാസദിനം
15– ഇൻഡ്യൻ സ്വാതന്ത്ര്യദിനം
19– ലോകഫോട്ടോഗ്രാഫി ദിനം
20– സദ്ഭാവനാദിനം
22– ഫോക്‌ലോർ ദിനം
29– ദേശീയ സ്പോർട്സ് ദിനം
31– നിർബന്ധിത നാടുകടത്തൽ ദിനം

06– എസ്.കെ.പൊറ്റെക്കാട്ട് ചരമം. 07– ടാഗോർ ചരമം.
16– ശ്രീരാമകൃഷ്ണപരമഹംസർ സമാധി;
17– സി.അച്ചുതമേനോൻ ചരമം. 18– സുഭാഷ് ചന്ദ്രബോസ് ചരമം. 22– കരുവാറ്റ ചന്ദ്രൻ ചരമം

മിനിക്കഥ

## അവസ്ഥാന്തരങ്ങൾ

**കെ.പി.ശശിധരൻ നായർ**

അവൾ തികഞ്ഞ ദൈവഭക്തയായിരുന്നു.

എന്നിരിക്കിലും, വിവാഹത്തിനുശേഷം, ഭർത്താവിന്റെ സ്വഭാവരീതികൾ അടുത്തു മനസ്സിലാക്കാൻ തുടങ്ങിയപ്പോഴാണു മനുഷ്യൻ കുരങ്ങിൽ നിന്നുണ്ടായതാണെന്ന നിരീക്ഷണം ഒരുപക്ഷേ ശരിയായിരിക്കാമെന്നു അവൾക്കു തോന്നിയത്. എന്നാൽ തികഞ്ഞ നിരീശ്വരവാദിയായിരുന്ന അയാൾക്കാവട്ടെ, വിലക്കപ്പെട്ട കനി ആദത്തെക്കൊണ്ടു ഭക്ഷിപ്പിച്ച ഹവ്വയുടെ ഉല്പത്തിക്കഥ വാസ്തവമല്ലേ എന്നു സംശയം ഉണ്ടായതു, ഭാര്യയെ അടുത്തറിഞ്ഞപ്പോൾ മുതൽക്കാണു.

# അടൂരിന്റെ സർഗ്ഗയാത്രകൾ

എന്ന കൃതിയാണ് അടൂർ തന്റെ 'വിധേയൻ' എന്ന ചിത്രത്തിന്റെ ഇതിവൃത്തത്തിനായി സ്വീകരിച്ചത്. സാഹിത്യത്തെയും സിനിമയെയും കുറിച്ചുള്ള ഒട്ടനവധി അനാരോഗ്യകരമായ വിവാദങ്ങൾക്കു ചിത്രം തിരികൊളുത്തിയെങ്കിലും മനുഷ്യാവസ്ഥയുടെ മൂർത്തമായ ആവിഷ്കാരമെന്ന നിലയിൽ അതൊരു രാഷ്ട്രീയചിത്രമായി വിലയിരുത്താം. അധികാരത്തിന്റെ ഘടനയെയും വിധേയത്വത്തിന്റെ മനശ്ശാസ്ത്രത്തെയും 'വിധേയൻ' അപഗ്രഥിക്കുന്നു. കുടിയേറ്റക്കാരനായ തൊമ്മിയെ അടിമയാക്കുന്ന പട്ടേലരുടെ ദുഷ്ടമനസ്സിന്റെ തമസ്സ് ചിത്രത്തെയാകെ ഇരുളിലാക്കുന്നു. ഒരു സൂപ്പർ താരത്തിന്റെ പ്രതിഛായ എങ്ങനെ അടൂരിനെപ്പോലെയൊരു സംവിധായകന്റെ മുന്നിൽ ഉടച്ചുവാർക്കപ്പെടുന്നു എന്ന കണ്ടെത്തലിനും 'വിധേയൻ' വഴിയൊരുക്കുന്നു.

ആത്മകഥാംശം അടൂർ ചിത്രങ്ങളിലെ ഒരാകർഷക ഘടകമെങ്കിലും അതു മൂർത്തരൂപം പ്രാപിക്കുന്നത് 'കഥാപുരുഷ'(1995) നിലാണ്. കുഞ്ഞുണ്ണിയുടെ ബാല്യത്തിന്റെ ഫ്രെയിമുകൾ അടൂർ സ്വന്തം ജീവിതത്തിൽനിന്നും കരുപ്പിടുപ്പിച്ചവയാണ്. തറവാടും മാതാപിതാക്കളും കാര്യസ്ഥനുമൊക്കെ സംവിധായകന്റെ തന്നെ യഥാർത്ഥ ജീവിതത്തിൽനിന്നും ഉയിർക്കൊണ്ടവരായിരിക്കണം. കഥാനായകനായ കുഞ്ഞുണ്ണി ചവിട്ടിനടന്ന ചരിത്രവഴികളും സാക്ഷിയായ സാമൂഹ്യ ഗതിവിഗതികളും അനുഭവസഞ്ചയവുമൊക്കെ അടൂരിന്റേതുകൂടിയാണ്. ഇൻഡ്യൻ സ്വാതന്ത്ര്യസമരം, മഹാത്മജിയുടെ വധം, നക്സൽപ്രസ്ഥാനത്തിന്റെ വളർച്ച, അതിന്റെ അപചയം തുടങ്ങിയവയൊക്കെ വ്യക്തിയ്ക്കും കുടുംബത്തിനും സമൂഹത്തിനും വരുത്തിയ ആഘാതങ്ങളെക്കുറിച്ചാണ് 'കഥാപുരുഷൻ.'

വിശാലമായ അർത്ഥത്തിൽ അടൂരിന്റെ മറ്റൊരു രാഷ്ട്രീയ ചിത്രമാണ് 'നിഴൽക്കൂത്ത്' (2002). ഭരണകൂടം സാധാരണപൗരനുമേൽ വിരിക്കുന്ന വലയിൽ പെട്ട് നിസ്സഹായനാകുന്നതിന്റെ രൂപകമാണ് ഇവിടെ ആരാച്ചാർ. രാജനീതിയാൽ വധശിക്ഷ നടപ്പാക്കാൻ വിധിക്കപ്പെട്ട ആരാച്ചാരുടെ ധർമ്മസങ്കടങ്ങളാണ് 'നിഴൽക്കൂത്തി'ന്റെ ആത്മാവ്. മഹാഭാരതത്തിൽ കൗരവന്മാർ വേലനെ വരുത്തി പാണ്ഡവരുടെ നിഴൽ ആവാഹിച്ച് അവരെ വധിക്കുന്ന കഥ ഇവിടെ യഥാർത്ഥത്തിൽ ആരാച്ചാരിലൂടെ ആവർത്തിക്കപ്പെടുകയാണ്. ആരാച്ചാരായ കാളിയപ്പന്റെ ഭാവനയിലൂടെ വിരിയുന്ന കഥയ്ക്കുള്ളിലെ കഥ ചലച്ചിത്രത്തെ അപൂർവ്വസുന്ദരമാക്കുകയും ചെയ്യുന്നു.

തകഴി ശിവശങ്കരപ്പിള്ളയുടെ കഥകളെ ആധാരമാക്കിയുള്ളതായിരുന്നു തുടർന്നുവന്ന രണ്ടു ചിത്രങ്ങളും– 'നാലുപെണ്ണുങ്ങൾ' (2007), 'ഒരു പെണ്ണും രണ്ടാണും' (2008). 'ഒരു നിയമലംഘനം', 'കന്യക', 'ചിന്നുവർമ്മ', 'നിത്യകന്യക' എന്നീ കഥകൾ 'നാലുപെണ്ണുങ്ങളിലെ' ആഖ്യാനത്തിന്റെ സാക്ഷിയാകുന്നു. നാല്പതുകളിലെ തകഴിക്കഥയുടെ ആഖ്യാനകാലത്തെ സ്ത്രീയുടെ അവസ്ഥ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ആദ്യദശകത്തിലും പ്രസക്തമാണെന്ന് ഈ ചിത്രം പ്രഖ്യാപിക്കുന്നു. സ്ത്രീയുടെ ദുരന്തപൂർണ്ണമായ അവസ്ഥ നാലു കഥാവിഷ്കാരങ്ങളെയും കൂട്ടിയിണക്കുന്ന കണ്ണിയായി വർത്തിക്കുന്നു. സിനിമാറ്റിക് മുഹൂർത്തങ്ങളുടെയും രൂപകങ്ങളുടെയും ആസ്വാദ്യത ചിത്രത്തിന് അപൂർവ്വഭംഗിയണയ്ക്കുന്ന ഘടകങ്ങളാണ്.

'ഒരു പെണ്ണും രണ്ടാണും' എന്ന ചിത്രങ്ങളിലെ കഥകളെ തമ്മിൽ ബന്ധിപ്പിക്കുന്നത് കുറ്റങ്ങളുടെയും ശിക്ഷകളുടെയും നീളുന്ന ഒരു ചരടാണ്. 'കള്ളന്റെ മകൻ', 'നിയമവും നീതിയും', 'ഒരു കൂട്ടുകാരൻ', 'പങ്കിയമ്മ' എന്നീ കഥകളാണ് ആഖ്യാനത്തിന്റെ ചരടിൽ കോർത്തിണക്കപ്പെട്ടിരിക്കുന്നത്. കുറ്റങ്ങൾ ചെയ്യാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന സാമൂഹ്യക്രമങ്ങളും അവിടുത്തെ അസന്തുലിതാവസ്ഥയും സംവിധായകൻ അസാമാന്യമായ ദൃശ്യബോധത്തോടെ നിരീക്ഷണവിധേയമാക്കുന്നു.

ഏറ്റവും ഒടുവിലായി പുറത്തുവന്ന അടൂർ ചിത്രമാണ് 'പിന്നെയും' (2016). മനുഷ്യമനസ്സിന്റെ നിഗൂഢതകളും അവന്റെ ദുരയും, അവൻ ചെന്നു വീഴുന്ന പടുഗർത്തങ്ങളും സൂക്ഷ്മമായി നിരീക്ഷിക്കുകയാണ് സംവിധായകൻ. പുതുതലമുറ സിനിമകളുടെ ഉച്ചവെയിലിൽ അടൂരിന്റെ സരളമായ ചലച്ചിത്ര ശൈലിയുടെ ആവർത്തനം പകരുന്ന സാന്ത്വനം ഒന്നുവേറെ തന്നെയാണ്. 'ഏതു ദുരന്തമുണ്ടായാലും അതിന്റെ അനന്തരഫലം അനുഭവിക്കേണ്ടത് സ്ത്രീകളും കുഞ്ഞുങ്ങളുമാണെന്ന സാമൂഹ്യശാസ്ത്രസിദ്ധാന്തം' എത്ര സൂക്ഷ്മമായാണ് അടൂർ തന്റെ ചിത്രത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്. മധ്യകേരളത്തിൽ നടന്ന കുപ്രസിദ്ധമായ ഒരു കൊലപാതകത്തിന്റെ ഓർമ്മയുണർത്തുന്ന ചിത്രം. ഒരു തറവാടിന്റെയും അതുമായി ബന്ധപ്പെട്ട മനുഷ്യരുടെയും ദുരന്തഗാഥയായിത്തീരുന്നു.

ധാരാളം ഡോക്കുമെന്ററി ചിത്രങ്ങളും അടൂർ സംവിധാനം ചെയ്തിട്ടുണ്ട്. നിഷ്കർഷാപൂർണ്ണമായ ഗവേഷണവും, മൗലികമായ ആവിഷ്കാരവും ഈ ചിത്രങ്ങളെ വേറിട്ടുനിർത്തുന്നു. പ്രമുഖരായ കേരളീയ കലാകാരന്മാരെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിത്രങ്ങൾ ഒരു കാലഘട്ടത്തിന്റെ രേഖാചിത്രം കൂടിയാണ്. 'ആന്റമാൻ ക്രിയേറ്റഡ്', 'ഗുരു ചെങ്ങന്നൂർ', 'യക്ഷഗാനം', 'ദ ചോളാ ഹെറിറ്റേജ്', 'കൃഷ്ണനാട്ടം', 'കലാമണ്ഡലം ഗോപി', 'കൂടിയാട്ടം', 'കലാമണ്ഡലം രാമൻകുട്ടിനായർ', 'ഡാൻസ് ഓഫ് ദ എൻചാൻട്രൻസ്' എന്നീ ഡോക്യൂമെന്ററികൾ ചരിത്രത്തെയും കലയെയും വ്യക്തികളെയും കൂട്ടിയിണക്കുന്ന അനുഭവ സാക്ഷ്യങ്ങളാണ്.

ചലച്ചിത്രസാഹിത്യരചനയിലും അടൂർ ഗോപാലകൃഷ്ണൻ തന്റെ ഇടം ഉറപ്പിച്ചിട്ടുണ്ട്. 'സിനിമയുടെ ലോകം' (1983), എന്ന ആദ്യചലച്ചിത്ര ഗ്രന്ഥം തന്നെ ദേശീയ പുരസ്കാരം നേടി. 'സിനിമാനുഭവം' (2004), 'സാഹിത്യം സിനിമ ജീവിതം'(2005), 'അടൂർ ഗോപാലകൃഷ്ണന്റെ തെരഞ്ഞെടുത്ത ലേഖനങ്ങൾ' എന്നിവയാണ് അദ്ദേഹത്തിന്റെ ചലച്ചിത്ര സാഹിത്യരചനകൾ. അദ്ദേഹത്തിന്റെ എല്ലാ തിരക്കഥകളും വെവ്വേറെയും സമാഹാരമായും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അടൂർ ഗോപാലകൃഷ്ണന്റെ തിരക്കഥകൾ കേരളത്തിലെയും വിദേശങ്ങളിലെയും മിക്ക സർവ്വകലാശാലകളിലും പാഠപുസ്തകങ്ങളാണ്.

അടൂരിന്റെ മിക്കവാറും എല്ലാ ചിത്രങ്ങളും സംസ്ഥാന ദേശിയ അന്തർദേശിയ പുരസ്കാരത്തിന് അർഹമായിട്ടുണ്ട്. മികച്ച സംവിധായകനുള്ള പുരസ്കാരം അഞ്ചുതവണ സംസ്ഥാനതലത്തിലും ദേശീയതലത്തിലും അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. വിഖ്യാതമായ ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ്, ഫ്രഞ്ചു സർക്കാരിന്റെ കമാൻഡർ ഓഫ് ദ ഓർഡർ ഓഫ് ആർട്സ് ആന്റ് ലേറ്റഴ്സ് ചലച്ചിത്രമേഖലയിൽ ഇന്ത്യയിലെ ഏറ്റവും വലിയ ആദരവായ 'ദാദാസാഹബ് പുരസ്കാരം' കേരളത്തിലെ 'ജെ.സി.ഡാനിയേൽ പുരസ്കാരം' എന്നിങ്ങനെ പുരസ്കാരങ്ങളുടെ നിറവിൽ ധന്യമാണ് അദ്ദേഹത്തിന്റെ ചലച്ചിത്രജീവിതം. 'ഭാരതരത്ന' കഴിഞ്ഞാൽ ഇന്ത്യയിലെ പരമോന്നത സിവിലിയൻ ബഹുമതിയായ 'പത്മവിഭൂഷൺ' പുരസ്കാരം 2006ൽ രാഷ്ട്രം അദ്ദേഹത്തിനു സമർപ്പിക്കുകയുണ്ടായി.

സിനിമയിൽ നിന്നും അന്യമായൊരു ജീവിതം അടൂരിനില്ല. ഒരു ഒത്തുതീർപ്പിനും തയ്യാറാകാതെ ജീവിതത്തിന്റെ ചൂരും ചൂടും ഇരുപതാം നൂറ്റാണ്ടിന്റെ കലയായ സിനിമയുടെ ദൃശ്യഖണ്ഡങ്ങളിലേക്ക് അദ്ദേഹം ആലേഖനം ചെയ്യുകയായിരുന്നു. ഓരോ അടൂർ ചിത്രവും സിനിമയുടെ പാഠപുസ്തകമാണ്. ചലച്ചിത്ര വിദ്യാർത്ഥികൾക്കും ഗവേഷകർക്കും മാധ്യമകുതുകികൾക്കും സിനിമയും ജീവിതവും പഠിക്കുവാനുള്ള അമൂല്യരചനകൾ! കേരളത്തനിമയുടെ നിത്യനിദർശനങ്ങളായ അടൂർ ചിത്രങ്ങൾ വിശ്വമാനവികതയുടെ സന്ദേശവാഹകരാകുന്നതും അതുകൊണ്ടാണ്. അടൂരിനുപകരം അടൂർ മാത്രം. മലയാളത്തിന്റെ വിശ്വപൗരൻ.

# 20-ാം നൂറ്റാണ്ട് നൽകുന്ന പാഠം

*പ്രഭാഷണം*

**ഡോ. അലക്സാണ്ടർ കാരയ്ക്കൽ**



ഈ സമ്മേളനം ആരംഭിക്കുമ്പോൾ എന്റെ മനസ്സിലൂടെ കടന്നുപോകുന്നത് 1964 മെയ് 27 ആണ്. നമ്മുടെ പൊതുജീവിതത്തിലെ, മൂല്യാധിഷ്ഠിത സംഭാവനകൾ വാരിവിതറിയ, ഇന്ത്യയുടെ അതിരുകൾ ലോകത്തിന്റെ എല്ലാ ഭാഗത്തേക്കും വ്യാപിപ്പിച്ച മഹാപ്രതിഭയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഓർമയുടെ ദിവസത്തിൽ ഇന്ന് നിങ്ങളോട് ചേർന്ന് ഞാനും എന്റെ ആദരാഞ്ജലി അർപ്പിക്കുകയാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഒരു രാഷ്ട്രത്തിന്റെ നേതാവു മാത്രമല്ല, ദേശീയതയുടേയും അന്തർദേശീയതയുടേയും, ഈ ഫൗണ്ടേഷൻ നിലകൊള്ളുന്ന മൂല്യങ്ങളുടേയും എല്ലാ നന്മയുടേയും പ്രതീകമായിരുന്നു.

ഗുരു നിത്യചൈതന്യയതി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ, ആ വലിയ മനുഷ്യത്വത്തിന്റെ മുന്നിൽ ബഹുമാനവും ഭക്തിയും അർപ്പിക്കുന്നതിനാണ് നമ്മൾ കൂടിയിരിക്കുന്നത്. 1924ൽ ലെനിൻ മരിച്ച അവസരത്തിൽ അന്ന് ന്യൂയോർക്ക് ടൈംസ് ഒരു വാചകം എഴുതി. വിമർശകർ എന്തു പറഞ്ഞാലും ഈ സമൂഹത്തിൽ ഒരു മാറ്റത്തിന്റെ വെളിച്ചം പകർന്ന വ്യക്തിയായിരുന്നു ലെനിനെന്ന്. 1924 എന്നത് ചരിത്രത്തിലെ ഒരു വലിയ കാലഘട്ടമാണ്. ആദ്യത്തെ ലോകമഹായുദ്ധം കഴിഞ്ഞ് ലോകം ഒരു പുതിയ ദിശയിലേക്ക് നീങ്ങുന്നത് ആ വർഷത്തിലാണ്. ആ വർഷമാണ് വന്ദ്യനായ ഗുരു നിത്യചൈതന്യയതി ഭൂജാതനായത്. പുതിയ നൂറ്റാണ്ട് കാണുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. 1999ൽ അദ്ദേഹം കടന്നുപോയി. അദ്ദേഹത്തെ സ്മരിക്കാതെ ഒരു സ്മാരക പ്രഭാഷണം നടത്തുവാൻ സാധിക്കുകയില്ല.

സ്മാരകപ്രഭാഷണം ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത് തൂസിഡൈസിന്റെ ഭാഷയിൽ പറഞ്ഞാൽ പെരിക്ലിസിന്റെ, ഒരു കാലഘട്ടത്തിന്റെ, മുന്നോടിയായിട്ടാണ്. ടൊയിൻബി എഴുതിയ ഹിസ്റ്ററി ഓഫ് സിവിലിസേഷനിൽ പറയുന്നത് ഒരു സ്മരണ പുതുക്കുന്നത് ആ കാലഘട്ടം അനുസ്മരിക്കേണ്ടതിനുവേണ്ടിയാണെന്നാണ്. ഇവിടെ നിത്യചൈതന്യയതിയെ നാം സ്മരിക്കുകയാണ്. അദ്ദേഹം പുതിയ നൂറ്റാണ്ട് കാണുകയുണ്ടായില്ല. എന്നാൽ അദ്ദേഹം ജീവിച്ച ഏതാണ്ട് എഴുപത്തിയഞ്ച് സംവത്സരം അത് അനുഭവത്തിന്റേതായിരുന്നു. യുവതലമുറയ്ക്ക് അനുകരിക്കേണ്ടുന്ന ഒരുപാടു കാര്യങ്ങൾ അദ്ദേഹത്തിൽ നിന്നും ലഭിച്ചു.

സ്മരണ മറ്റുള്ളവർക്ക് അനുഭവം പകരുന്നതായിരിക്കണം. ഗുരുജി പറഞ്ഞ ഒരു വാചകം ഞാൻ ഓർക്കുന്നു. ഒരു പൂന്തോട്ടത്തിൽ ചെന്നു കഴിഞ്ഞാൽ മുല്ലപ്പൂവിനെക്കാളും നല്ലതാണ് റോസാപ്പൂവ് എന്നു ഞാൻ പറയില്ല. മുല്ലപ്പൂവിനും അതിന്റെ കടമയുണ്ട്; റോസാപ്പൂവിനും അതിന്റെ കടമയുണ്ട്. സമൂഹത്തിലെ ഓരോ വ്യക്തിയും ചെറുതാണെങ്കിലും വലുതാണെങ്കിലും അതിന്റേതായ ദൗത്യം നൽകുന്നുണ്ട്. പിന്നീടൊരിക്കൽ ഞാൻ വായിച്ചതോർക്കുന്നു. അദ്ദേഹം ഊട്ടിയിലെ ആശ്രമത്തിൽ ടൈൽസ് ഇടുമ്പോൾ വെള്ള ടൈൽസ് ഇടണമെന്നു നിർദ്ദേശിച്ചു. കൂടെയുള്ളവർ പറഞ്ഞു, വെള്ള ടൈൽസ് ഇട്ടാൽ കൂടുതൽ മുഷിയും. അതുകൊണ്ട് നിറമുള്ള ടൈൽ ഇടാമെന്ന്. നിങ്ങൾക്ക് മറ്റുള്ളവർ മുഷിയുന്നത് അറിയണ്ടായെന്നതുകൊണ്ടാണോ ഇങ്ങനെ പറയുന്നതെന്നു ചോദിച്ചു. ഉള്ളത് ഉള്ളതുപോലെ തുറന്നു പറയുക. അദ്ദേഹത്തെ സ്മരിച്ചുകൊണ്ട് അദ്ദേഹം ജീവിച്ച നൂറ്റാണ്ടിനെക്കുറിച്ചുള്ള സ്മരണ പറഞ്ഞുതീർക്കാമെന്നാണ് വിചാരിക്കുന്നത്.

ഇരുപതാംനൂറ്റാണ്ട്. വളരെയധികം നന്മയുടെയും തിന്മയുടെയും നൂറ്റാണ്ട്. പ്രഗത്ഭനായ ഒരു ചരിത്രകാരൻ പറയുന്നുണ്ട്, ഇരുപതാം നൂറ്റാണ്ട് ഒരുപാട് ആവേശം പകർന്നു. നന്മ പകർന്നു. അതേ അവസരത്തിൽ മനുഷ്യന്റെ നാശത്തിന്റെ വിത്തു മുളച്ചു, അതു വളർന്നു, ഈ ലോകത്തിന് ഭീഷണിയായി മാറി. ഇരുപതാം നൂറ്റാണ്ടിനെക്കുറിച്ച് പറയുമ്പോൾ നാഗാലാന്റിൽ കൊഹിമയിലെ മനോഹരമായ ഒരു ശവക്കോട്ടയിൽ എഴുതിവെച്ച ഒരു വാചകമാണ് ഓർക്കുന്നത്. ആയിരക്കണക്കിന് ആളുകൾ അവിടെ അന്ത്യവിശ്രമം കൊള്ളുന്നു. ഇന്നും അവിടെ അണയാത്ത ദീപമുണ്ട്. മാവേലിക്കരക്കാരും തിരുവല്ലക്കാരും കോട്ടയംകാരും അവിടെയുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിൽ മരിച്ച നൂറുകണക്കിന് പട്ടാളക്കാർ അവിടെ അന്ത്യവിശ്രമം കൊള്ളുന്നു. അവിടെ എഴുതിവെച്ചിരിക്കുന്ന ഒരു വാചകമുണ്ട്. ഇതു കണ്ടതിനുശേഷം നിങ്ങൾ നാട്ടിലേക്കു പോകുമ്പോൾ മറ്റുള്ളവരോട് പറയണം, നിങ്ങൾക്ക് ഒരു ഭാവിയുണ്ടാകുവാൻ ഞങ്ങൾ ഇവിടെ മരിച്ചുവെന്ന്. രണ്ടാം ലോകമഹായുദ്ധത്തിൽ ജപ്പാനും ജർമ്മനിയ്ക്കും ഇറ്റലിക്കുമെതിരായി സമരം ചെയ്തു മരിച്ച ആളുകളുടെ സ്മരണയാണ് ആ വാചകം ഓർമ്മിപ്പിക്കുന്നത്. വന്ദ്യനായ ഗുരുജിയെ സ്മരിക്കുമ്പോൾ മറ്റുള്ളവരോടു പറയണം ജീവിതത്തിൽ നന്മ കണ്ട ഒരു മനുഷ്യസ്നേഹിയെ ഞങ്ങൾ കഴിഞ്ഞ നൂറ്റാണ്ടിലൂടെ അനുസ്മരിക്കുകയുണ്ടായിയെന്ന്.

ഇരുപതാം നൂറ്റാണ്ടിനു മുമ്പുള്ള ലോകം വളരെയധികം ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളതാണ്. ആയിരം വർഷം മുമ്പുള്ള ചരിത്രം പരിശോധിച്ചുനോക്കിയാൽ മനുഷ്യന്റെ വളർച്ചയുടെ താളുകൾ കാണുവാൻ കഴിയും. 1600ൽ ഈസ്റ്റ് ഇന്ത്യ കമ്പനി ഇന്ത്യയിൽ വരുന്നതിനുമുമ്പേ നമ്മുടെ സംസ്കാരത്തെക്കുറിച്ച് അറിയുവാൻ ഇവിടുത്തെ പാരമ്പര്യം സഹായിച്ചിട്ടുണ്ട്. ഈസ്റ്റ് ഇന്ത്യ കമ്പനിക്കു ശേഷം ഉണ്ടായ ഹിസ്റ്റോറിക്കൽ സൊസൈറ്റി, ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റുകൾ അതെല്ലാം സിന്ധു നദീതട സംസ്കാരത്തെക്കുറിച്ചും നമ്മുടെ ചരിത്രഗവേഷണത്തെക്കുറിച്ചും ഒരുപാടു നന്മകൾ പകർന്നതിന്റെ ആകെ തുകയാണ്. ഈ സംസ്കാരങ്ങളൊക്കെ വികസിച്ച് വന്നതിനുശേഷം മാത്രമാണ് യൂറോപ്പിൽ സംസ്കാരം ഉടലെടുത്തതും കൂടുതൽ വ്യാപിച്ചതും.

അഥിന്യൻ ഡെമോക്രസിയിലെ പെരിക്ലിസ് പറഞ്ഞ ഒരു വാചകം ഏതൻസിന്റെ ഭരണത്തെ സംബന്ധിച്ചിടത്തോളം; അദ്ദേഹം പറയുന്നത് ഇവിടെ മനുഷ്യനു പങ്കാളിത്തം ഉണ്ടെങ്കിൽ മാത്രമെ ജീവിതത്തിനർത്ഥമുള്ളൂ. അതുകൊണ്ടാണ് പെരിക്ലിസിന്റെ ഭരണകാലത്ത്, നമ്മുടെ ഇന്നത്തെ ഗ്രാമസഭയും മറ്റും ഉണ്ടാകുന്നതിനു മുമ്പുതന്നെ ഗ്രാമസഭ കൂടുന്നതിനുമുമ്പുതന്നെ, ആശയങ്ങളോടുകൂടി ആളുകൾ സമ്മേളിച്ച് തീരുമാനങ്ങളെടുത്തിരുന്നു. അത് ഒരു കാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്നു. എന്റെ വിഷയം പ്രതിപാദിക്കുന്ന ഈ നൂറ്റാണ്ടിന് പ്രേരകമായിരുന്നത് പതിനെട്ട്-പത്തൊൻപത് നൂറ്റാണ്ടിൽ ഇവിടെയുണ്ടായിരുന്ന വിപ്ലവകരമായ മാറ്റങ്ങളാണ്. പതിനെട്ട് പത്തൊൻപത് നൂറ്റാണ്ടിൽ ലോകം മഹത്തായ പല വിപ്ലവങ്ങളും കണ്ടു. അമേരിക്കൻ വിപ്ലവം, ഫ്രഞ്ചുവിപ്ലവം, ലാറ്റിനമേരിക്കൻ വിപ്ലവം, റഷ്യൻ വിപ്ലവം, ചൈനീസ് വിപ്ലവം. ഈ അഞ്ചു വിപ്ലവങ്ങളിൽകൂടി സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സാഹോദര്യത്തിന്റെയും ലക്ഷ്യം കൈവരിച്ചു.

നമ്മൾ മനസ്സിലാക്കേണ്ടത്, ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈ രാജ്യത്ത് ശാസ്ത്രീയമായ ഒരു മുന്നേറ്റമുണ്ടായി. അതിനു മുമ്പുള്ള നൂറ്റാണ്ടിൽ നടത്തിയ വിപ്ലവങ്ങളെ നമുക്ക് ഒരിക്കലും മറക്കുവാൻ കഴിയുകയില്ല. ഫ്രഞ്ചുവിപ്ലവം- അതാണ് സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും വലിയ സംഭാവന ലോകത്തിനു നൽകിയത്. അതോടൊപ്പംതന്നെ അമേരിക്കൻ സ്വാതന്ത്ര്യസമരം. എഴുതപ്പെട്ട ഭരണഘടനയുടെ അടിസ്ഥാനത്തിൽ ഇംഗ്ലണ്ടിനെ നിലയ്ക്കു നിർത്തിയ ഒരു രാജ്യത്തിന്റെ ചരിത്രം. മൊണ്ടസ്ക്യോ, റൂസോ, വോൾട്ടയർ തുടങ്ങിയ പണ്ഡിതന്മാരുടെ നേതൃത്വത്തിൽ നടന്ന ചിന്താപരമായ വിപ്ലവം. പിന്നീടു വന്ന വ്യവസായ വിപ്ലവം. അതോടൊപ്പം ലാറ്റിനമേരിക്കൻ രാജ്യങ്ങളായ ബ്രസീൽ, അർ ജന്റീന, പെറു, ചിലി തുടങ്ങിയ രാജ്യങ്ങളിൽ ഉണ്ടായിട്ടുള്ള വലിയ മുന്നേറ്റങ്ങൾ. ഇതെല്ലാം കഴിഞ്ഞിട്ട് മനുഷ്യൻ ചിന്തയുടെ സരണിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുമ്പോൾ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നമ്മൾ കാണുന്ന ഒരുചിത്രം കണ്ടുപിടുത്തങ്ങളാണ്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് റൈറ്റ് സഹോദരന്മാർ വിമാനം പറത്തിയത്. അലക്സാണ്ടർ ഫ്ളെമിംഗ് പെൻസിലിൻ കണ്ടുപിടിച്ചു. ഡോ.സിംസൺ ക്ളോറോഫോം കണ്ടുപിടിച്ചു. മാർ ക്കോണി കമ്പിയില്ലാ കമ്പി കണ്ടുപിടിക്കുന്നു. പിന്നാലെ ടെലിവിഷൻ. ഇതിന്റെയെല്ലാം ആരംഭത്തിന് നിദാനമായ ഒരു കാലഘട്ടം. അതിനു മുമ്പ് മൈക്കിൾ ഫാരഡെ, വികസനത്തിന്റെ മുന്നോടിയ്ക്ക് നാന്ദിയായി. ഇതോടുകൂടി യൂറോപ്പിൽ ഒരു യുദ്ധത്തിന്റെ നാന്ദി കുറിച്ചു. 1600ൽ ഈസ്റ്റ് ഇന്ത്യ കമ്പനി ഇവിടെ വരുന്നു. 1800 ആയപ്പോഴേക്കും നമ്മുടെ രാജ്യം ഇതിന്റെ പരിധിയിൽ വരികയാണ്. 1800ൽ മലബാർ ബ്രിട്ടീഷുകാരുടെ കീഴിലാകുന്നു. തുടർന്ന് തിരുവിതാംകൂറും കൊച്ചിയും ബ്രിട്ടീഷുകാരോടു വിധേയത്വം പ്രഖ്യാപിച്ച നാടാകുന്നു. അന്നുണ്ടായിരുന്ന ജനസംഖ്യയുടെ നാലിരട്ടിയാണ് ഇന്നുള്ള ജനസംഖ്യ. 1900ൽ ഉണ്ടായിരുന്നതിന്റെ ഇരട്ടി ജനസംഖ്യയാണ് ഇന്നുള്ളത്. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ നമ്മുടെ ജനസംഖ്യ 36 കോടിയായിരുന്നു. ഇന്ന് എത്രയായിരിക്കുന്നു. എല്ലാരംഗത്തും മാറ്റമുണ്ടായി. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലുണ്ടായ വലിയ ചോദ്യചിഹ്നം ആദ്യലോകമഹായുദ്ധമായിരുന്നു. ഇന്ന് 2017ൽ, ആ യുദ്ധം ലോകയുദ്ധമായി ആരംഭിച്ചതിന്റെ നൂറു വർഷം തികയുന്നു. 1914ൽ യുദ്ധം ആരംഭിച്ചെങ്കിലും 1917ലാണ് അമേരിക്കയിലെ റിസിപ്പിനീയ എന്ന കപ്പലിന്റെ നേർക്ക് ജർമൻ ആക്രമണം ഉണ്ടാകുന്നത്. അപ്പോഴാണ് അമേരിക്ക യുദ്ധത്തിനൊരുമ്പെടുന്നത്. ആ യുദ്ധം 1918 വരെ നീണ്ടുനിന്നുവെങ്കിലും യുദ്ധം സൃഷ്ടിച്ച വേദനകൾ, പ്രയാസങ്ങൾ, ദുരിതങ്ങൾ എത്രയോ വലുതാണ്.

കഴിഞ്ഞമാസം ആദ്യ ലോകമഹായുദ്ധകാലത്ത് ജീവിച്ച ഒരു വ്യക്തിയെ കണ്ടു. കുറിയന്നൂർകാരനാണ്. യുദ്ധം അവസാനിക്കുമ്പോൾ അദ്ദേഹത്തിന് എട്ടു വയസ്സായിരുന്നു. അദ്ദേഹം എന്നോടു പറഞ്ഞു, അന്ന് അരിയ്ക്കുവേണ്ടി ഞങ്ങൾ കഷ്ടപ്പെട്ടു. പടിഞ്ഞാറൻ പ്രദേശങ്ങളിൽ നിന്നും വള്ളത്തിൽ അരി കൊണ്ടുവരുന്നു. ഇവിടെ നിന്ന് ഞങ്ങൾ കപ്പ കൊടുത്തുവിടുന്നു. യുദ്ധത്തിന്റെ തിക്തഫലം നാട്ടിൻപുറങ്ങളിൽപോലും പ്രകടമായി എന്നു ചുരുക്കം. നമ്മുടെ ആൾക്കാർ ബ്രിട്ടീഷ് പട്ടാളത്തിൽ ചേർന്ന് മെസപ്പോട്ടേമിയയിലുമൊക്കെ പോയി ജോലി ചെയ്തു.

യുദ്ധാന്തരലോകത്ത് സാഹിത്യരംഗത്തും മുന്നേറ്റമുണ്ടാകുന്നു. ഒരിക്കലും മറക്കാൻ കഴിയാത്തതാണ് ടി. എസ്.എലിയറ്റ് എഴുതിയ കൃതികൾ. അദ്ദേഹത്തിന്റെ പല പുസ്തകങ്ങളും സമൂഹത്തിന്റെ അധഃപ്പതനത്തിലേക്ക് വിരൽചൂണ്ടുന്ന അനുഭവത്തിന്റെ ആകെ തുകയാണ്. വേസ്റ്റ്ലാന്റ് പ്രസിദ്ധീകരിച്ചുകഴിഞ്ഞ്, 1921ലാണെന്നാണ് എന്റെ ഓർമ്മ, അദ്ദേഹത്തിന് പ്രിൻസ്റ്റൺ സർവകലാശാലയിൽവെച്ച് ഒരു സ്നേഹവന്ദനം നൽകിയപ്പോൾ അദ്ദേഹം പറഞ്ഞു, 'നിങ്ങളും ഞാനും ഉൾപ്പെടുന്ന ഈ സമൂഹം ഒരു വലിയ യുദ്ധം കണ്ടു. ഇനിയൊരു യുദ്ധമാണോ നിങ്ങൾക്കുവേണ്ടത്. നമ്മുടെ ജീവിതത്തിന്റെ മൂല്യങ്ങൾ തകർന്നിരിക്കുകയാണ്. ഇവിടെ പരസ്പര സ്നേഹമില്ല. വിശ്വാസമില്ല. ഓരോ രാജ്യത്തിനും അതിന്റെ അതിർത്തി വ്യാപിപ്പിക്കണം.' ഓരോ രാജ്യത്തിനും അതിന്റെ വ്യാപാര ശൃംഖല വർദ്ധിപ്പിക്കുന്നതിനുവേണ്ടി കമ്പനികൾ ഉണ്ടാക്കുകയാണ്. ഈസ്റ്റ് ഇന്ത്യ കമ്പനി ഇവിടെ വന്നു. ഡച്ച് ഈസ്റ്റ് ഇന്ത്യ കമ്പനി വന്നു. ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യ കമ്പനി വന്നു. ലോകത്തിന്റെ എല്ലാ ഭാഗത്തും കോളനികൾ ഉണ്ടാകുന്നു. എലിയറ്റ് ചോദിക്കുന്നു. ഇനി ഒരു യുദ്ധം വേണോ? ആ യുദ്ധം തടയണമെങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ ചുറ്റുമുള്ള അന്ധകാരം മാറ്റാൻ കഴിയണം. നിങ്ങളുടെ ചുറ്റുമുള്ള തരിശുഭൂമിയിൽ നന്മയുടെ വിത്തുപാകാൻ കഴിയുമോ? ഈ മനോഹരമായ ചോദ്യത്തിന് ഉത്തരം നൽകിയത് പ്രഗത്ഭനായ ആൽബർട്ട് ഐൻസ്റ്റീനായിരുന്നു. അന്നദ്ദേഹം അവിടെ ഫിസിക്സിന്റെ പ്രൊഫസറായിരുന്നു. ഐൻസ്റ്റീൻ പറഞ്ഞു, മനുഷ്യനെക്കൊണ്ടു നിയന്ത്രിക്കാൻ കഴിയില്ല. പക്ഷെ, മനുഷ്യൻ പരാജയപ്പെട്ടാൽ വേറൊരു ചിന്താഗതി അവിടെ രൂപപ്പെടും. കാരണം, ഞാനും എന്റെ സഹപ്രവർത്തകരും കൂടി സമാധാനം ആഗ്രഹിക്കുന്നു. അന്ന് ചരിത്രവും പൊളിറ്റിക്കൽ സയൻസും പഠിപ്പിച്ച അദ്ധ്യാപകനായിരുന്നു വുഡ്രോ വിൽസൻ. പി

സുവർണ്ണഗീതങ്ങൾ



ടി.പി.ശാസ്തമംഗലം

# ഹൃദയാകാശത്തിലെ രാഗതീർത്ഥം

**ചി**ല പാട്ടുകളുടെ രാശിഫലം നന്നായിരിക്കും. പിറക്കുമ്പോൾ തന്നെ അത് ഔന്നിത്യത്തിലെത്തും. കാലമെത്ര കഴിഞ്ഞാലും അതിന്റെ പ്രൗഢിയൊട്ടു കുറയുകയില്ല. അങ്ങനെ നിത്യഹരിതമായി നിലകൊള്ളുന്ന ഗാനങ്ങളുടെ വിജയരഹസ്യം അനേഷിച്ചു പോയാൽ രചന, സംഗീതം, ആലാപനം എന്നീ മൂന്നു ഘടകങ്ങളും പരസ്പര പൂരകങ്ങളായി വർത്തിക്കുന്നതിന്റെ നേട്ടമാണെന്നു കാണാം.

ഇപ്പറഞ്ഞ സർവ്വലക്ഷണങ്ങളും ഒത്തിണങ്ങിയ അപൂർവ്വം പാട്ടുകളേയുള്ളു മലയാളത്തിൽ. അവയിലൊന്നാണ് മിടുമിടുക്കി എന്ന ചിത്രത്തിലൂടെ നാം കേട്ടത്. ശ്രീകുമാരൻതമ്പി എഴുതി എം.എസ്.ബാബുരാജ് ചിട്ടപ്പെടുത്തി യേശുദാസും എസ്.ജാനകിയും പാടിയ ഗാനമാണത്. (ഇതിന് സൗഹൃദയർക്കിടയിലുള്ള സ്ഥാനം മനസ്സിലാക്കിയിട്ടാണ് ആദ്യത്തെ കണ്മണി എന്ന ചിത്രത്തിൽ ഇതേഗാനം മുമ്പു പാടിയ ഗായകരെക്കൊണ്ടു തന്നെ അതേപടി വീണ്ടും പാടിച്ച് സംവിധായകനായ രാജസേനൻ ഉപയോഗിച്ചത്).

*അകലെയകലെ നീലാകാശം/ അലതല്ലും മേഘതീർത്ഥം*
*അരികിലെന്റെ ഹൃദയാകാശം/ അലതല്ലും രാഗതീർത്ഥം*

ചലച്ചിത്രത്തിൽ കാണുമ്പോലെ നായികാനായകന്മാർ തുറസ്സായ ഒരു സ്ഥലത്തു നിൽക്കുന്നു. അവർക്കു വളരെയകലെയായി നീലാകാശം കാണാം. അതു കണ്ടിട്ട് നായകൻ പാടുന്നതാണ് സന്ദർഭം. നീലാകാശത്തെ അലതല്ലുന്ന മേഘതീർത്ഥമാക്കിമാറ്റി ഗാനത്തിനു ശ്രീകുമാരൻതമ്പി കാവ്യസൗഭഗം പകർന്നു. തീർത്ഥത്തിന് പുണ്യജലത്തോടെകൂടിയ നദി, പുണ്യസ്ഥലം എന്നൊക്കെയാണ് അർത്ഥം. അലതല്ലും എന്നു പറഞ്ഞിട്ടുള്ളതിനാൽ ആദ്യത്തെ അർത്ഥമാണ് വിവക്ഷ എന്നും കരുതാം.

നീലാകാശം അങ്ങകലെയാണെങ്കിലും അരികിൽ തന്റെ ഹൃദയാകാശമുണ്ടെന്നു നായിക അതിനു മറുമൊഴിയായി പാടുന്നു. അത് അലതല്ലുന്ന രാഗതീർത്ഥമാണെന്നും അവൾ സാക്ഷ്യപ്പെടുത്തുന്നു. രാഗംകൊണ്ട് ഉദ്ദേശിക്കുന്നത് അനുരാഗത്തെത്തന്നെയാണ്. ആകാശം അകലെയായിക്കൊള്ളട്ടെ, പക്ഷേ അലതല്ലുന്ന രാഗതീർത്ഥം എന്നു വിശേഷിപ്പിക്കാവുന്ന ഹൃദയാകാശം തന്റെ അരികിലുണ്ടെന്ന് പ്രേമപുരസ്സരം, തെല്ല് അഭിമാനത്തോടുകൂടി നായകനെ പരോക്ഷമായി ലക്ഷ്യമാക്കിക്കൊണ്ട് നായിക പാടുമ്പോൾ ഗാനത്തിനു കാവ്യപരമായ പുതിയമാനം കൈവരുന്നു. അകലെ എന്ന വാക്കിന്റെ ആവർത്തനംകൊണ്ടും അതു പ്രത്യേകതരത്തിൽ നീട്ടിപ്പാടുന്നതുകൊണ്ടും നീലാകാശം വളരെയകലെയാണെന്ന തോന്നൽ കേൾവിക്കാരിലുളവാക്കാൻ സംഗീതസംവിധായകനായ എം.എസ്.ബാബുരാജിന് നിഷ്പ്രയാസം കഴിഞ്ഞു. ചാരുകേശിരാഗത്തിന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങിനിന്നുകൊണ്ടാണ് അദ്ദേഹം ഈ ഗാനത്തെ ഇത്തരത്തിൽ ചേതോഹരമാക്കിയത്.

*പാടിവരും നദിയും കുളിരും/പാരിജാതമലരും മണവും*
*ഒന്നിലൊന്നു കലരുംപോലെ/ നമ്മളൊന്നായലിയുകയല്ലേ?*

ഒന്നിലൊന്നു കലരുന്നത് പ്രകൃതിനിയമമാണ്. അതു വ്യക്തമാക്കാൻ കവി രണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നു. പാടിവരുന്ന നദിയ്ക്കൊപ്പം തന്നെ കുളിരുമുണ്ട്. പാരിജാതമലരും മണവും രണ്ടല്ല ഒന്നാണ്. അതുപോലെ നായികാനായകന്മാരും ഒന്നായി അലിയുകയല്ലേ എന്നാണ് അർത്ഥഗർഭമായ ചോദ്യം. അവരുടെ അടുപ്പം വ്യക്തമാക്കാൻ കവി പ്രകൃതിയിലെ ചിലതിനെ ഉപകരണങ്ങളാക്കി എന്നു മാത്രം.

ഒരു യുഗ്മഗാനത്തിന് ആവശ്യമായതെല്ലാം മറക്കാതെ കൊണ്ടുവരാൻ ശ്രീകുമാരൻതമ്പി ശ്രമിച്ചിട്ടുണ്ട്. വാക്കുകൾക്ക് രത്നശോഭ പകരുന്നതാണ് ബാബുരാജ് കൊടുത്ത ഈണം. ഏതു ഈണവും സാർത്ഥകമാകും കഴിവുറ്റ ഗാതാക്കൾ പാടുമ്പോൾ. ആ ഗാനത്തെ സംബന്ധിച്ചിടത്തോളം യേശുദാസും എസ്. ജാനകിയും പൂർണ്ണമായും മനസ്സർപ്പിച്ചിരിക്കുകയാണ്.

*നിത്യസുന്ദര നിർവൃതിയായ് നീ/നില്ക്കുകയാണെന്നാത്മാവിൽ*
*വിശമില്ലാ നീയില്ലെങ്കിൽ/വീണടിയും ഞാനീ മണ്ണിൽ*

നായിക തന്നിൽ ഏതുവിധത്തിലാണ് സ്വാധീനം ചെലുത്തുന്നതെന്ന് ഭംഗിയായി അടയാളപ്പെടുത്തിയിരിക്കുന്നു ഈ ചരണത്തിന്റെ പൂർവ്വഭാഗത്ത് നായകൻ. അവന്റെ ആത്മാവിൽ നിത്യസുന്ദര നിർവൃതിയായി (അതിനേക്കാൾ മറ്റൊരു നിത്യനിർവൃതിയുണ്ടോ) നില്ക്കുകയാണ് അവൾ. ആ യാഥാർത്ഥ്യം അവൻ തുറന്നു പറയുമ്പോൾ അവളിൽ നിന്നുണ്ടായ പ്രതികരണമാണ് ഈ ഗാനത്തിന്റെ പരകോടി. നായകനില്ലെങ്കിൽ ഈ ലോകം തന്നെയില്ലെന്നും അതോടെ താൻ ഈ മണ്ണിൽ വീണടിയും എന്നും വികാരനിർഭരമായി വെളിപ്പെടുത്തുകയാണ് അവൾ.

ലളിതവും അതേസമയം ആശയഗാംഭീര്യവുമുള്ളതുമാണ് ഈ ഗാനം. വരികളെ ഈണംകൊണ്ട് എത്രത്തോളം ഉയർത്തിക്കാട്ടാനാവുമെന്ന് പഠിക്കാൻ ഇതു ഉപകരിക്കുമെന്നതിൽ സംശയമില്ല. മിടുമിടുക്കി കലാപരമായി അത്രമികച്ച ചിത്രമൊന്നുമല്ല. ഇന്ന് ആ ചിത്രം അറിയപ്പെടുന്നതുപോലും ഈ ഗാനത്തിന്റെ പേരിലാണ്. അതാണ് ഞാൻ തുടക്കത്തിൽ രാശിഫലത്തെക്കുറിച്ചു പറഞ്ഞത്. അങ്ങനെയൊരു സൗഭാഗ്യം ചില ചിത്രങ്ങൾക്കു അറിയാതെ വന്നുചേരും.

# 20-ാം നൂറ്റാണ്ട് നൽകുന്ന പാഠം

ന്നീടദ്ദേഹം അമേരിക്കയുടെ പ്രസിഡന്റായിത്തീർന്നു. അദ്ദേഹം പ്രസിഡന്റായപ്പോൾ ഇനിയൊരു യുദ്ധം ഉണ്ടാകരുത് എന്നാഗ്രഹിച്ചു.

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മനോഹരമായ ഒരു അദ്ധ്യായമായിട്ടാണ് ഇതിനെ ചരിത്രകാരന്മാർ വിശേഷിപ്പിച്ചിട്ടുള്ളത്. നെഹ്റുവിന്റെ ഡിസ്കവറി ഓഫ് ഇന്ത്യയുടെ ഒരു ഭാഗത്ത് ആമുഖമായി പറയുന്ന ഗ്ലിംഫസസ് ഒഫ് വേൾഡ് ഹിസ്റ്ററിയുടെ ഒരു ഭാഗം എഡിറ്റു ചെയ്തു ചേർക്കുകയാണെന്ന് പറയുന്നു. അവിടെ ഇതുമായി ബ ന്ധപ്പെട്ട റഫറൻസ് ഉണ്ട്. വുഡ്രോ വിൽസൻ പ്രസിഡന്റായിരുന്ന സമയത്താണ് ആദ്യത്തെ ലോകമഹായുദ്ധം നടക്കുന്നത്. യുദ്ധത്തിൽ എത്രായിരം പേരാണ് കൊല്ലപ്പെടുന്നത്. അദ്ദേഹത്തിനു ദുഃഖം തോന്നി. ഇതിനൊരു പരിഹാരം ഉണ്ടാവണം. ഒരു സംഘടന ഉണ്ടാവണം. ലോകത്തിലെ ആദ്യത്തെ ഔദ്യോഗിക സംഘടന ഉണ്ടാകുന്നു. ലീഗ് ഓഫ് നേഷൻസ്. അതുണ്ടായത് അമേരിക്കയിലാണ്. അവരതുണ്ടാക്കിയെങ്കിലും അവരതിൽ ചേർന്നില്ല. അവരുടെ പ്രസിഡന്റ് കൊണ്ടുവന്ന നിയമം അമേരിക്കൻ സെനറ്റ് പാസാക്കിയില്ല. ഒറ്റവോട്ടിന്റെ കുറവുകൊണ്ട് അതിന് അംഗീകാരം ലഭിച്ചില്ല. അതുകൊണ്ടാണ് ഐൻസ്റ്റീൻ പറഞ്ഞത് ഞങ്ങൾ എന്തുകൊണ്ടുവന്നാലും ജനങ്ങൾ തെരഞ്ഞെടുക്കുന്നവർ അതംഗീകരിക്കണമെന്നില്ലായെന്ന്. വുഡ്രോ വിൽസൻ നിരാശിതനായി. അദ്ദേഹം രോഗാവസ്ഥയിലായി. അവിടെ കിടന്ന അവസരത്തിലാണ് അദ്ദേഹം പറഞ്ഞുകൊടുത്തത് സെക്രട്ടറി എഴുതിയെടുത്തു. അതാണ് അദ്ദേഹത്തിന്റെ പ്രശസ്തമായ കൃതി 'മൈ ഫീലിങ്സ് ആന്റ് മൈ ലോങ്ങിംഗ്സ്'.

ഇപ്പോഴത്തെ പ്രസിഡന്റ് ട്രംപ് പല കാര്യങ്ങളും കൊണ്ടുവരുന്നുണ്ട്. എന്നാൽ പല കാര്യങ്ങളും കോടതി തടയുകയാണ്. അമേരിക്കൻ പ്രസിഡന്റ് ചോദ്യം ചെയ്യപ്പെടാത്ത പദവിയാണെന്നൊക്കെ നാം പറയും. 1989ലാണ് ആദ്യമായി ഒരു അമേരിക്കൻ പ്രസിഡന്റ് ഇന്ത്യയിൽ വരുന്നത്. ഐസൻ നോവർ. ഇവിടെ വന്നപ്പോൾ അദ്ദേഹത്തിന്റെ കൈയ്യിൽ വിലപിടിപ്പുള്ള ഒരു ബ്രീഫ് കേസുണ്ട്. കൂടെ സെക്രട്ടറി ഓഫ് സ്റ്റേറ്റ് നിയമിക്കുന്ന ഉയർന്ന പദവിയുള്ള ഉദ്യോഗസ്ഥരുമുണ്ട്. ലോകത്ത് എവിടെയെങ്കിലും യുദ്ധമുണ്ടാകുകയാണെങ്കിൽ കൈയ്യിലിക്കുന്ന ബ്രീഫ് കേസു തുറന്ന് ബട്ടൺ അമർത്തിയാൽ സെക്രട്ടറി ഓഫ് സ്റ്റേറ്റിന് മെസേജ് കിട്ടും. അല്ലെങ്കിൽ പെന്റഗണിൽ സന്ദേശം ലഭിക്കും. യുദ്ധം ചെയ്യാനുള്ള മുന്നറിയിപ്പാണത്. അങ്ങനെയൊരു പാരമ്പര്യവും കീഴ്വഴക്കവും അമേരിക്കൻ പ്രസിഡന്റിനുണ്ട്. അമേരിക്കൻ പ്രസിഡന്റ് ഉദയസൂര്യന്റെ പ്രഭാവത്തോടെയാണ് വാഴുന്നത്. എന്നിട്ടും ഏറെക്കാര്യങ്ങൾക്കും കോടതിയുടെയും സെനറ്റിന്റെയും അംഗീകാരം വേണം. ഇതൊക്കെയാണെങ്കിലും അധികമാർക്കും ചോദ്യം ചെയ്യപ്പെടാൻ കഴിയാത്ത പദവിയാണ് അമേരിക്കൻ പ്രസിഡന്റിന്റേത്.

വുഡ്രോ വിൽസൻ ലീഗ് ഓഫ് നേഷൻസ് ഉണ്ടാക്കി. അദ്ദേഹം ആറു മാസം കപ്പലിൽ യാത്ര ചെയ്താണ് ന്യൂയോർക്കിൽനിന്നും പാരീസിൽ എത്തുന്നത്. ബ്രിട്ടൻ പ്രധാനമന്ത്രി ലോയിൽഡ് ജോർജ്, ഫ്രാൻസിന്റെ പ്രസിഡന്റ് ക്ലമൻഷ. ഇവരെല്ലാവരും കൂടി നല്ലൊരു പ്രബന്ധം തയ്യാറാക്കി. ഏഴ് ആഴ്ചകളോളം സമയമെടുത്തു. അതുമായി അദ്ദേഹം വാഷിംഗ്ടണിലേക്കു തിരിച്ചുപോകുന്നു. പോകുന്ന വഴിയിൽ അദ്ദേഹം പഠിപ്പിച്ച സർവ്വകലാശാലയിൽ ചെന്നു. സഹപ്രവർത്തകരെ കണ്ടപ്പോൾ 'ഞാൻ നേടിയെടുത്തു' എന്നാണ് പറഞ്ഞത്. അദ്ദേഹം അവിടെ വെച്ച് ഒരു സ്റ്റേറ്റ്മെന്റ് നടത്തി. 'ഈ കാലയളവിൽ ജനിക്കുന്ന കുഞ്ഞുങ്ങളെ, നിങ്ങൾ ഭാഗ്യവാന്മാരാണ്. ഈ കാലഘട്ടത്തിൽ ജീവിക്കുന്ന നിങ്ങൾ മഹാഭാഗ്യവാന്മാരാണ്. കാരണം ഈ ലോകം സമാധാനത്തിലേക്കു പോകുകയാണ്.' അതൊരു വലിയ സ്റ്റേറ്റ്മെന്റായിരുന്നു. കഴിഞ്ഞ ഐ.എ.എസ് പരീക്ഷയിൽ ഈ സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടാണ് ഉപന്യാസം ആവശ്യപ്പെട്ടിരിക്കുന്നത്. ദി ഹിന്ദു ദിനപത്രത്തിൽനിന്നാണ് ഇതു ഞാൻ വായിച്ചത്. ഞാൻ സൂചിപ്പിക്കുന്ന ഒരു കാര്യം, ലോകത്തിനു സമാധാനം നൽകുവാൻ ഇടയാക്കുന്ന ഈ പ്രബന്ധം അമേരിക്കൻ സെനറ്റ് അംഗീകരിച്ചില്ലായെന്നതാണ്. വേണ്ട, സമാധാനമൊന്നും നിങ്ങൾ ഉണ്ടാക്കണ്ട, ഇവിടെ ഞങ്ങൾ ഉണ്ടാക്കിക്കൊള്ളാം. ഞങ്ങൾ സെനറ്റിലിരുന്ന് ആലോചിക്കണം. സെനറ്റിൽ ചർച്ച വന്നു. നിങ്ങളോർക്കണം, ഒറ്റ വോട്ടിനാണ് അത് പരാജയപ്പെടുന്നത്. 1922ൽ ടൈം മാഗസിൻ തിരഞ്ഞെടുത്ത വ്യക്തിയാണ് വുഡ്രോ വിൽസൻ എന്നോർക്കണം. ഹെൻറി കാംറോജ് എന്ന ആളിന്റെ വോട്ടിലാണ് പരാജയപ്പെടുന്നത്. അദ്ദേഹത്തിന്റെ മകന്റെ മകനും നിക്സണും വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിയായി മത്സരിച്ച ആളാണ്, യു.എൻ. അംബാസിഡറായിട്ട് വന്നയാളാണ്. നിരാശിതനായി വുഡ്രോ വിൽസൻ വൈറ്റ് ഹൗസിലേക്കുപോകുന്നു. പിറ്റേദിവസം അദ്ദേഹം കിടപ്പിലായി. മൂന്നു കൊല്ലം ആ കിടപ്പിൽ കിടന്നു. അവസാന സമയത്ത് അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം ബൈബിളിലെ 2 കൊരിന്ത്യർ ഒന്നാം അദ്ധ്യായം വായിച്ചുകേട്ടു. 'ഈ മൺമയമായ ശരീരം ഒന്നും നേടുന്നില്ല. മനുഷ്യനെ സ്നേഹിക്കാൻ അല്ലെങ്കിൽ ഈ ശരീരത്തിന് ഒരു വിലയുമില്ല.' ആ വാചകമാണ് അദ്ദേഹത്തിന്റെ ശവപ്പെട്ടിയിൽ എഴുതിവച്ചിരുന്നത്.

(അവസാനിക്കുന്നില്ല)

Managing Editor: Mathew George. 130 Alburger Ave, Philadelphia. PA 19115, Tel: 267-991-2111. Chief Editor: George Thazhakara (Saboo George).
Tel:0479-2300668, 94473 55710 e-mail:georgethazhakara@gmail.com. Indian Office: Mitranikethan, Mavelikara 690 102, Kerala, India.